# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2023 നവംബർ 30 | ദീപം 56 | നാളം 38 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org





# ഏകാധിപത്യത്തിന്റെ ഗവർണർകസേരകൾ




ജോർജ് കള്ളിവയലിൽ




ഭരണഘടനയുടെ അന്തഃസത്തയെയും പാർലമെന്ററി ജനാധിപത്യസംവിധാനത്തെയും പലതരത്തിൽ അട്ടിമറിക്കുകയോ, ദുർബലപ്പെടുത്തുകയോ ചെയ്യാൻ പലപ്പോഴും ശ്രമങ്ങളുണ്ടായിട്ടുണ്ട്. എന്നാൽ, ഭരണഘടനാപദവിയിലുള്ള ഗവർണർമാർ തന്നെ ഇത്തരം ശ്രമങ്ങൾ നടത്തുന്നത് അഭികാമ്യമല്ല. കേന്ദ്രസർക്കാരിന്റെ ആജ്ഞാനുവർത്തികളായി പല ഗവർണർമാരും തരംതാഴുമ്പോൾ ജനാധിപത്യം വെല്ലുവിളി നേരിടും. രാഷ്ട്രീയതാത്പര്യങ്ങൾക്കുവേണ്ടി ഏകപക്ഷീയനടപടികൾ സ്വീകരിക്കുന്ന ഗവർണർമാരുടെ പദവിതന്നെ ആവശ്യമില്ലെന്ന ചർച്ച കൂടുതൽ സജീവമാക്കുന്നതാണു പുതിയ സംഭവഗതികൾ.

സംസ്ഥാനനിയമസഭകൾ പാസാക്കിയ ബില്ലുകൾക്ക് അനുമതി നൽകുന്നതിൽ ഗവർണർമാർ കാലതാമസം വരുത്തുന്നതിൽ സുപ്രീം കോടതി പരസ്യമായ അതൃപ്തിയാണു രേഖപ്പെടുത്തിയത്. ഗവർണർമാർ മടക്കിയയച്ചതാണെങ്കിലും നിയമസഭ വീണ്ടും പാസാക്കിയശേഷം അയച്ച ബില്ലുകൾക്ക് അനുമതി നൽകാൻ ഗവർണർമാർ ബാധ്യസ്ഥരാണെന്ന് നവംബർ 20 ന് ചീഫ് ജസ്റ്റിസ് ധനഞ്ജയ വൈ. ചന്ദ്രചൂഡിന്റെ നേതൃത്വത്തിലുള്ള സുപ്രീംകോടതി ബെഞ്ച് വ്യക്തമാക്കി.

തമിഴ്നാട്, കേരളസർക്കാരുകൾ വെവ്വേറെ സമർപ്പിച്ച ഹർജികൾ പരിഗണിക്കവേയാണ് പരമോന്നത കോടതി ഗവർണർമാരുടെ നടപടികളെ രൂക്ഷമായി വിമർശിച്ചത്. കേരള, തമിഴ്നാട് ഗവർണർമാരോട് പ്രതികരണം കോടതി ആവശ്യപ്പെടുകയും ചെയ്തു. നിയമസഭയുടെ പുനരാലോചനയെത്തുടർന്ന് ഒരു ബിൽ ഗവർണർക്കു തിരിച്ചയച്ചുകഴിഞ്ഞാൽ അത് ഗവർണർ അനുമതി നൽകേണ്ട മണിബില്ലായി മാറുമെന്നു ബെഞ്ച് പറഞ്ഞു.

കക്ഷികൾ കോടതിയെ സമീപിക്കുന്നതുവരെ ഗവർണർമാർ എന്തിനു കാത്തിരിക്കണം? എന്നിട്ട് അവർ അഭിനയിക്കാൻ തുടങ്ങുന്നു. എന്തുകൊണ്ടാണ് അവർക്ക് അവരുടെ ഭരണഘടനാപരമായ പ്രവർത്തനങ്ങൾ സ്വന്തമായി നിർവഹിക്കാൻ കഴിയാത്തത്? കേരള സർക്കാർ സമർപ്പിച്ച ഹർജിയിൽ, കേസ് വീണ്ടും പരിഗണിക്കുന്ന നവംബർ 24 നകം ഗവർണർ ആരിഫ് മുഹമ്മദ് ഖാന്റെയും കേന്ദ്രസർക്കാരിന്റെയും ഓഫീസിൽനിന്നു മറുപടി നൽകണമെന്ന് ആവശ്യപ്പെട്ട് ജസ്റ്റീസുമാരായ ജെ.ബി. പർദിവാല, മനോജ് മിശ്ര എന്നിവരടങ്ങിയ ബെഞ്ച് നോട്ടീസ് അയച്ചിട്ടുമുണ്ട്.

**ഗവർണർമാർക്കു മുന്നറിയിപ്പ്**

കേരളഗവർണറുടെ മുമ്പാകെ കെട്ടിക്കിടക്കുന്ന എട്ടു ബില്ലുകളിൽ മൂന്നെണ്ണം ഗവർണർആദ്യം അംഗീകരിച്ച് ഓർഡിനൻസായി പുറപ്പെടുവിച്ചതാണെന്ന കേരളത്തിന്റെ വാദം കോടതിയുത്തരവിൽ രേഖപ്പെടുത്തി. ഏഴു മുതൽ 26 മാസം വരെയുള്ള കാലയളവിൽ ഈ ബില്ലുകൾ തീർപ്പാക്കാതെ കിടക്കുകയാണെന്ന് കേരള സർക്കാരിനുവേണ്ടി മുതിർന്ന അഭിഭാഷകൻ കെ. കെ. വേണുഗോപാൽ ചൂണ്ടിക്കാട്ടി. തമിഴ്നാടിന്റെ കാര്യത്തിലും സുപ്രീംകോടതി കഴിഞ്ഞ പത്താം തീയതി ഉത്തരവു നൽകിയതാണെന്നു സുപ്രീംകോടതി ഓർമിപ്പിച്ചു.

"ഞങ്ങളുടെ ആശങ്ക ശരിക്കും ഇതാണ്. നവംബർ 10 ന് കോടതി ഉത്തരവു പാസാക്കുകയും ബില്ലുകൾ തിരികെ നൽകുകയും ചെയ്തു. ഗവർണർ എന്തിന് ഞങ്ങളുടെ ഉത്തരവിനായി കാത്തിരിക്കണം? 2020 ജനുവരിയിലാണ് ഏറ്റവും പഴയ ബിൽ അദ്ദേഹത്തിനയച്ചത്. കഴിഞ്ഞ മൂന്നു വർഷമായി ഗവർണർ എന്താണു ചെയ്യുന്നത്?" അറ്റോർണി ജനറലിനോടുള്ള സുപ്രീംകോടതിയുടെ ചോദ്യം രാജ്യത്തെ എല്ലാ ഗവർണർമാർക്കുംവേണ്ടിയുള്ളതാണെന്നുകൂടി ജഡ്ജിമാർക്കു മുന്നറിയിപ്പു നൽകേണ്ടിവന്നു. ഏതെങ്കിലുമൊരു ഗവർണർ ഭരണഘടനാപരമായ പ്രവർത്തനങ്ങൾ നടത്തുന്നതിൽ കാലതാമസം വരുത്തിയോ എന്നതു മാത്രമല്ല പ്രശ്നം. ഭരണഘടനാപരമായ പ്രവർത്തനങ്ങൾ നിർവഹിക്കുന്നതിൽ പൊതുവായ കാലതാമസമുണ്ടോ എന്നതാണ് പ്രശ്നം.'

നിയമനിർമാണസഭയുടെ പരിധിക്കുപുറത്ത് ആദായനികുതിനിയമത്തിൽ സംസ്ഥാനം ഭേദഗതി വരുത്തുന്നു എന്നു കരുതുക. ഇത്തരമൊരു സാഹചര്യത്തിൽ ഗവർണർ എന്താണു ചെയ്യുന്നതെന്ന് ചീഫ് ജസ്റ്റിസ് ചോദിച്ചു. അത്തരം സാഹചര്യത്തിൽ ബിൽ രാഷ്ട്രപതിക്ക് അയയ്ക്കാനുള്ള മൂന്നാമത്തെ ഓപ്ഷൻ ഗവർണർക്കു നൽകിയിട്ടുണ്ടെന്ന് മുതിർന്ന അഭിഭാഷകനായ അഭിഷേക് മനു സിംഘ്‌വി ചൂണ്ടിക്കാട്ടിയതോടെ ഇക്കാര്യത്തിലും അവ്യക്തത നീങ്ങി.

**സർക്കാരുമായി ഏറ്റുമുട്ടരുത്**

കേരളമടക്കം നിരവധി സംസ്ഥാനങ്ങളിലെ രാജ്ഭവനുകൾ തിരഞ്ഞെടുക്കപ്പെട്ട സർക്കാരുമായുള്ള ഏറ്റുമുട്ടൽ തുടരുന്നത് ജനാധിപത്യവിരുദ്ധമാണെന്നു പറയാതെ പറയുകയാണ് സുപ്രീംകോടതി. വിസമ്മതത്തിന്റെ കാരണങ്ങളൊന്നും വ്യക്തമാക്കാതെയാണ് 10 ബില്ലുകൾ തമിഴ്നാട് ഗവർണർ തിരിച്ചയച്ചതെന്നും അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ ഭരണഘടനയുടെ അനുച്ഛേദം 200 ന്റെ ഉത്തരവിനു വിരുദ്ധമാണെന്നും തമിഴ്നാടിനുവേണ്ടി ഹാജരായ മുകുൾ റോത്തഗി വാദിച്ചതും ശ്രദ്ധേയമാണ്.

2000 മുതൽ അവതരിപ്പിച്ച 181 ബില്ലുകളിൽ 152 എണ്ണവും ഗവർണർ പാസാക്കിയിട്ടുണ്ടെന്നും സംസ്ഥാന സർവകലാശാലകളിൽ വൈസ്ചാൻസലർമാരെ നിയമിക്കാനുള്ള ഗവർണറുടെ അധികാരം ഇല്ലാതാക്കാൻ ശ്രമിക്കുന്ന ബില്ലുകൾക്കാണ് പ്രധാനമായും അംഗീകാരം തടഞ്ഞതെന്നും വാദിച്ച് തലയൂരാനാണ് ഗവർണറുടെ വക്കീലായ വെങ്കിട്ടരമണി ശ്രമിച്ചത്. 2020 ജനുവരി മുതലാണ് തമിഴ്നാട് ഗവർണറുടെ പക്കൽ കെട്ടിക്കിടക്കുന്ന പഴക്കമേറിയ ബില്ലെന്ന വസ്തുത കോടതി രേഖപ്പെടുത്തി. അത്തരം ബില്ലുകളുടെ മെറിറ്റിലേക്കോ ഉള്ളടക്കത്തിലേക്കോ കടക്കാതെയാണു കോടതി വിഷയം ഡിസംബർ ഒന്നിലേക്കു മാറ്റിയത്.


▶14

# എന്റെയുള്ളിൽ കത്തിയത് സത്യത്തിന്റെ വെളിച്ചമാണ്



ഡോ. ഷെയ്സൺ പി. ഔസേപ്പ്

കുരിശിലേക്കു നോക്കിയ അതേ ഏകാഗ്രതയോടും തീക്ഷ്ണതയോടും സ്നേഹത്തോടുംകൂടിയാണ് ആ സന്ന്യാസിനി ഈ മണ്ണിലേക്കു നോക്കിയത്. വിണ്ടുകീറിയ പാദങ്ങൾമുതൽ മൂർദ്ധാവുവരെയുള്ള ഉന്മാദത്തോളം എത്തുന്ന യാതനകളുടെ മുറിപ്പാടുകളിൽ, സ്വയം നഷ്ടപ്പെട്ട ജനത്തെ കണ്ടപ്പോൾ പിന്നെ അവൾക്കു വെറുതെ ഇരിക്കാനായില്ല. മനുഷ്യപക്ഷത്തു നിലയുറപ്പിക്കാനുള്ള കുലീനമായ തീരുമാനത്തിനു മുന്നിൽ സ്വന്തം ജീവിതം നൽകേണ്ടിവന്നു സിസ്റ്റർ റാണി മരിയയ്ക്ക്. ഇൻഡോറിന്റെ ഈ റാണിയാകട്ടെ, കഠിനനുകങ്ങൾകൊണ്ടു ഞെരിഞ്ഞമർന്ന ഒരു ജനതയെ ആത്മവിശ്വാസമുള്ളവരാക്കാൻവേണ്ടി സ്വയം മറന്നവളാണ്. അവരുടെ നഷ്ടപ്പെട്ട മുഖങ്ങളിൽ സ്വന്തം മുഖം കാണാൻ കഴിഞ്ഞപ്പോൾ പിന്നെ അവളല്ല, ക്രിസ്തുവായിരുന്നു അവളിൽ ജീവിച്ചത്. തന്നെ കുറ്റപ്പെടുത്തിയവരോടും വേദനിപ്പിച്ചവരോടും പകയില്ല, വിധിവാചകങ്ങളും വിചാരണകളുമില്ല.



സ്നേഹംകൊണ്ട് ഈ ഭൂമിയെ മുഴുവൻ ആലിംഗനം ചെയ്ത ഒരു ജീവിതത്തെ 'ദ ഫെയ്സ് ഓഫ് ദ ഫെയ്സ്ലെസ്' എന്ന സിനിമയിലൂടെ അഭ്രപാളികളിൽ എത്തിച്ച സംവിധായകൻ **ഡോ. ഷെയ്സൺ പി. ഔസേപ്പ്** മനസ്സു തുറക്കുന്നു.

**അഭിമുഖം: സി. ഡോ. തെരേസ് ആലഞ്ചേരി SABS**

■ *സിസ്റ്റർ റാണി മരിയയെ കേന്ദ്രീകരിച്ച് ഒരു ഫിലിം ചെയ്യാൻ സാറിനെ പ്രേരിപ്പിച്ച ചേതോവികാരം എന്തായിരുന്നു?*

● സിസ്റ്റർ റാണി മരിയായുടെ ജീവിതവും രക്തസാക്ഷിത്വവുമായിരുന്നു എന്നെ പ്രചോദിപ്പിച്ചത്. ഇൻഡോറിലെ അവഗണിക്കപ്പെട്ട മനുഷ്യർക്കൊപ്പംനിന്ന്, നീതിക്കുവേണ്ടി പടപൊരുതി മരണം വരിച്ച സിസ്റ്ററിന്റെ ജീവിതകഥ ആവേശോജ്ജ്വലമായി തോന്നി. ക്രിസ്തീയജീവിതത്തിന്റെ നെടുംതൂണുകളിലൊന്നായ ക്ഷമ, അത് എന്നെ വല്ലാതെ പൊള്ളിച്ചു. റാണി മരിയയുടെ ഘാതകനോട് ആ സിസ്റ്റർ മാത്രമല്ല, അവരുടെ മാതാപിതാക്കളും കുടുംബമൊന്നാകെയും ക്ഷമിച്ചിരിക്കുന്നു എന്ന സത്യം ലോകത്തെ അറിയിക്കാനുള്ള അഭിനിവേശം എനിക്കുണ്ടായി. ക്ഷമയുടെ അഭാവമാണ് ഇന്നു ഭൂരിഭാഗം പ്രശ്നങ്ങൾക്കും കാരണമായിരിക്കുന്നത്. അത് ലോകത്തോടു വിളിച്ചു പറയുകയെന്നത് എന്റെ ലക്ഷ്യമായിരുന്നു.

■ *'ദ ഫെയ്സ് ഓഫ് ദ ഫെയ്സ്ലെസ്' ഫിലിം ചെയ്തുകൊണ്ടിരുന്നപ്പോൾ അങ്ങേക്കുണ്ടായ അനുഭവം?*

● 2016 ലാണ് റാണി മരിയ സിസ്റ്റർ എന്റെ മനസ്സിൽ കയറിക്കൂടിയത്. ആദ്യം ഒരു ഡോക്യുമെന്ററി ചെയ്യാനാണ് ആഗ്രഹിച്ചത്. അതിൽ ഈ ജീവിതം ഒതുങ്ങുകയില്ലെന്നു മനസ്സിലായപ്പോൾ അതൊരു സിനിമയാക്കാൻ ആഗ്രഹിച്ചു. സി. റാണി മരിയ ജീവിച്ച ഇടങ്ങളിലൂടെയും പ്രവർത്തിച്ച മേഖലകളിലൂടെയും കടന്നുപോയപ്പോൾ നമുക്ക് അവരെക്കുറിച്ച് അറിയാവുന്നത് വളരെക്കുറച്ചുമാത്രമാണെന്ന് മനസ്സിലായി. അതുകൊണ്ട്, അത് സിനിമാരൂപത്തിൽ ഇറക്കിയാലേ അതിന്റെ ആഴത്തിൽ മനസ്സിലാക്കാൻ കഴിയൂ എന്ന് ഞാൻ വിചാരിച്ചു.

2016 ൽ ആരംഭിച്ച റിസർച്ച് വർക്കുകൾ 2018 ആയപ്പോഴേക്കും തീർന്നു. 2019 ൽ കൊവിഡിന്റെ ആക്രമണം സിനിമയുടെ മുന്നോട്ടുള്ള യാത്രയെ തടഞ്ഞു. ഒരുപാട് വാതിലുകളിൽ മുട്ടി. ആരും ഇത്തരം ഒരു സാഹസികതയ്ക്കു തയ്യാറായില്ല. പണം മുടക്കാൻ ആരുമില്ലായിരുന്നു. പക്ഷേ, ഇതിൽനിന്നു പിന്മാറാൻ എന്നെക്കൊണ്ടായില്ല. സിനിമയെക്കുറിച്ചുള്ള മോഹം മരണത്തോടടുത്തു എന്നുവേണം പറയാൻ. ഞാൻ ജോലി ചെയ്തിരുന്ന സെന്റ് സേവ്യേഴ്സ് കോളജിലെ പ്രിൻസിപ്പലും അച്ചന്മാരും എന്നെ അകമഴിഞ്ഞു പ്രോത്സാഹിപ്പിച്ചു. ഇതുചെയ്തേ പറ്റൂ എന്നു പറഞ്ഞ് അവർ എന്നെ നിർബന്ധിച്ചു.

അങ്ങനെ, ട്രൈ ലൈറ്റ് ക്രിയേഷൻസ് ബോംബെയുമായി സഹകരിച്ച് 2020 മുതൽ ഷൂട്ടിങ് തുടങ്ങി. ഒരുപാടു തടസ്സങ്ങൾ ഉണ്ടായി. ആർട്ടിസ്റ്റുകളെ കിട്ടാൻ വിഷമമായിരുന്നു. ഇതെല്ലാം പിന്നീടു നന്മയായി ഭവിച്ചു. പതിന്നാലു സ്റ്റേറ്റുകളിൽനിന്നായി നൂറ്റമ്പതോളം ആർട്ടിസ്റ്റുകൾ, കുറെയധികം ടെക്നീഷ്യന്മാർ, അവരെയും കൊണ്ട് ഒരു യാത്ര, കുറച്ചു വർക്ഷോപ്പുകൾ... അങ്ങനെ നീങ്ങിക്കൊണ്ടിരുന്നു. എന്താണ് സിസ്റ്റർ റാണി മരിയ, ആരാണ് സിസ്റ്റർ റാണി മരിയ എന്നൊക്കെ വർക്ഷോപ്പുകളിലൂടെ



അവരെ ട്രെയിൻ ചെയ്തു മനസ്സിലാക്കിക്കൊടുത്തു. അങ്ങനെ മധ്യപ്രദേശ്, കേരളം, മഹാരാഷ്ട്ര എന്നിവിടങ്ങളിലായി ഷൂട്ടിങ് നടന്നു. അവസാനം, സെൻസർ ബോർഡുമായി ബന്ധപ്പെട്ട വലിയൊരു പ്രശ്നമുണ്ടായി. ദൈവത്തിന്റെ കരം ഞങ്ങളുടെ കൂടെയുണ്ടായിരുന്നു. ആ പ്രശ്നങ്ങളൊക്കെ ഭംഗിയായി പരിഹരിക്കപ്പെട്ടു.

ഹിന്ദി സിനിമാരംഗത്തെ മികച്ച കാമറാമാൻ എന്നറിയപ്പെടുന്ന, ഷാരൂഖ് ഖാന്റെ സ്വദേശ്പോലുള്ള ചിത്രങ്ങൾക്കു നാഷണൽ അവാർഡ് നേടിയെടുത്ത മഹേഷ് ആയിരുന്നു ക്യാമറാമാൻ. സ്ക്രിപ്റ്റ് എഴുതിയത് ജയ്പാൽ ആനന്ദ് ആണ്. അദ്ദേഹം 2016 മുതൽ എന്റെകൂടെ സഞ്ചരിക്കുകയായിരുന്നു. ഓരോന്നും കൃത്യമായി അടയാളപ്പെടുത്തി. ഇതിന്റെ എഡിറ്റിങ് നിർവഹിച്ചത് രഞ്ജൻ എബ്രഹാം. നൂറ്റിയെഴുപതോളം സിനിമകൾ ചെയ്ത ആളാണ് രഞ്ജൻ. ഇത് വലിയ ദൗത്യമല്ലെങ്കിലും വളരെ സൂക്ഷ്മതയോടും കൃത്യതയോടുംകൂടി അദ്ദേഹം അതു നിർവഹിച്ചു. മനോഹരമായ പാട്ടുകൾ എഴുതിയത് കൈതപ്രം ദാമോദരൻ നമ്പൂതിരിയാണ്. ഈ സിനിമയിൽ ചിത്രച്ചേച്ചി മനസ്സലിഞ്ഞു പാടി. ഇപ്പോഴും ഓർക്കുന്നു; ചെന്നൈയിൽവച്ച് ചേച്ചി പാട്ടു പാടിയപ്പോൾ കണ്ണുനിറഞ്ഞൊഴുകുകയായിരുന്നു. ഹരിഹരൻ, അൽഫോൻസ് ജോസഫ് എന്നിവർ ഇവിടത്തെ നാടോടിപ്പാട്ടുകൾ പഠിക്കാൻ മധ്യപ്രദേശിൽ പോയി. മുപ്പത്തഞ്ചു വർഷം പഴക്കമുള്ള അവിടത്തെ ഗോത്രവർഗക്കാരുടെ പാട്ട് ഒരു സ്ത്രീയെക്കൊണ്ടു പാടിച്ചു. ഇതിലെ മൂന്നാമത്തെ പാട്ട് അവരുടെ ഭാഷയിൽ അവരെക്കൊണ്ട് പാടിച്ചതാണ്. ഈ സിനിമ ഒരു കൂട്ടായ പ്രവർത്തനമായിരുന്നു.

■ *അങ്ങ് പ്രതിഭാശാലിയായ ഒരു സംവിധായകനാണ്. അങ്ങയുടെ കഴിവും പരിചയവും ഉപയോഗിച്ച് ഈ ബിസിനസ് സാമ്രാജ്യത്തിൽ വലിയൊരു ഫിലിം നിർമിക്കാമായിരുന്നു. എന്നിട്ടും, അങ്ങ് എന്തുകൊണ്ട് ഇത്തരമൊരു വിഷയം തിരഞ്ഞെടുത്തു?*

ശേഷം 12-ാം പേജിൽ



പി. കെ. മൂസക്കോയ

# ഓസ്ട്രേലിയ ചാമ്പ്യൻ

## ഇന്ത്യ അടവുകൾ മറന്നോ?









രണ്ടായിരത്തിയിരുപത്തിമൂന്ന് ഏകദിന ലോകകപ്പിനു സമാപ്തി കുറിക്കുന്ന, ഏവരും ആവേശത്തോടെ കാത്തിരുന്ന വമ്പൻ മത്സരത്തിനു കൊടിയിറങ്ങി. ടോസ് നേടിയ ഓസ്ട്രേലിയ ഇന്ത്യയെ ബാറ്റ് ചെയ്യാൻ ക്ഷണിച്ചു. ഇതോടെ ടോസ് കിട്ടിയാൽ ഉടനെ ബാറ്റിങ് തിരഞ്ഞെടുക്കണമെന്ന രോഹിത് ശർമയുടെ മോഹത്തിനു തന്ത്രപരമായ നീക്കത്തിൽ ഒരു പിൻമാറ്റത്തിലൂടെ കമ്മിൻസ് ദയാദാക്ഷിണ്യത്തിൽ അടിയറ പറയിച്ചു. തുടക്കത്തിലേ ബാറ്റിങ് തകർന്ന ഇന്ത്യ തട്ടിമുട്ടി ആകെ ഇരുന്നൂറ്റിനാല്പത് റൺസിൽ ഒതുങ്ങി. ഇതിൽ കോഹ്‌ലിയും കെ.എൽ. രാഹുലും ഓരോ ഹാഫ്സെഞ്ചുറി നേടിയതും ക്യാപ്റ്റൻ സ്ഥിരംശൈലിയിൽ നാല്പത്തിയേഴ് റൺസ് എടുത്തതുംമാത്രമേ എടുത്തുപറയാനുള്ളൂ. ഓസ്ട്രേലിയായുടെ ഫാസ്റ്റ് ബൗളിങ്ങും ഫീൽഡിങ്ങും അതിൽക്കൂടുതൽ അനുവദിച്ചില്ല എന്നു പറയുന്നതാവും ശരി. രോഹിത് ശർമയും ശ്രേയസ്സ് അയ്യരും പെട്ടെന്നു പുറത്തായത് ഇന്ത്യൻ ഇന്നിങ്സിന്റെ നെടുംതൂൺ തകർത്തുകൊണ്ടായിരുന്നു. ഇന്നിങ്സിന്റെ അവസാനം നമ്മുടെ ബൗളർമാർ പിടിച്ചുനിന്നതിനാൽ അമ്പത് ഓവറും ഇന്ത്യയ്ക്കു കളിക്കാനായി. ആകാശംമുട്ടെ പന്തടിച്ചു മായാജാലം കാണിക്കുന്ന നമ്മുടെ സൂര്യകുമാർ യാദവിന് ഭൂമിയിലൂടെയോ ആകാശത്തിലൂടെയോ പന്തടിച്ചകറ്റാൻ പറ്റാത്ത പരിതാപകരമായ പതനത്തിലൂടെ ആദ്യത്തെ ലോകകപ്പ് കയ്പ്പേറിയ ഒരു വിഭവമായി മാറുന്നതു കണ്ടു കാണികളും മൂക്കത്തു വിരൽവച്ചു നിശ്ശബ്ദരായി ഇരുന്നുപോയി. അങ്ങനെ ഒന്നേകാൽലക്ഷം വരുന്ന ഇന്ത്യൻ കാണികളുടെ അട്ടഹാസത്തിനു പൂർണവിരാമമായി.

മറുപടിബാറ്റിങ്ങിൽ തുടക്കത്തിലെ വീഴ്ചകൾക്കുശേഷം ഓസ്ട്രേലിയയുടെ ട്രാവിസ് ഹെഡ്ഡും ലബൂഷയിനും ചേർന്ന് കങ്കാരുക്കളെ ലോകകപ്പ് വിജയത്തിലേക്കു നയിച്ചു. ഇന്ത്യയുമായുള്ള ആദ്യമത്സരത്തിലെന്ന പോലെ പിന്തുടർന്ന ഇന്ത്യൻ ടീം ആദ്യമൂന്നു വിക്കറ്റ് തുടക്കത്തിൽ നഷ്ടപ്പെടുത്തിയതിനു സമാനമായി ഓസ്ട്രേലിയയും പിന്നീടു മുന്നേറുകയായിരുന്നു.

ഈ സമയത്തുള്ള ഇന്ത്യൻ ബൗളിങ്ങും ഫീൽഡിങ്ങും ഓസ്ട്രേലിയയുടെ ആക്രമണത്തിന് അടുത്തെങ്ങുമെത്തിയില്ല. ഒരു ഐസിസി മത്സരഫൈനലിൽ നെഞ്ചുറപ്പോടെ പൊരുതി ജയിക്കാനുള്ള ആർജവം ഇനിയും നമ്മുടെ 'ലോകോത്തര'കളിക്കാർ നേടിയെടുക്കേണ്ടതുണ്ട്. ആത്മവിശ്വാസത്തിന്റെ കുറവോ, അവസാന അങ്കത്തിൽ അടവുകൾ മറക്കുന്നതോ, അതോ തെറ്റിക്കുന്നതോകൊണ്ടാണ് ഇപ്രകാരം സംഭവിക്കുന്നത്.

ലോകകപ്പിലേക്കു നാം തിരഞ്ഞെടുത്ത കളിക്കാരുടെ കൂട്ടത്തിൽ ഓൾറൗണ്ടറായി വന്ന ഷാദുൽ താക്കൂർ, പന്തു പറത്തുന്ന ബാറ്ററായ സൂര്യകുമാർ എന്നിവർക്ക് തങ്ങളുടെ തിരഞ്ഞെടുപ്പിനോട് ഒട്ടും നീതി പുലർത്താൻ കഴിഞ്ഞില്ല. നാലു വർഷം കഴിഞ്ഞു വരുന്ന അടുത്ത ലോകകപ്പ് കാത്തിരിക്കുമ്പോൾ നല്ല പോരാട്ടവീര്യമുള്ള മികച്ച കളിക്കാരെ കണ്ടെത്തി പരിശീലിപ്പിക്കേണ്ടതുണ്ട്.

ലോകകപ്പ് ഏകദിന മത്സരത്തിൽ തങ്ങളുടെ ആറാം കിരീടം നേടിയ പാറ്റ് കമ്മിൻസിനും കൂട്ടുകാർക്കും അഭിനന്ദനങ്ങൾ അർപ്പിക്കുന്നു. തുടക്കത്തിലെ രണ്ടു പരാജയങ്ങൾക്കുശേഷം ഫീനിക്സ് പക്ഷിയെപ്പോലെ ചിറകടിച്ചു പറന്ന കങ്കാരുക്കൾതന്നെയാണ് ഇപ്പോഴും ലോകത്തിലെ അജയ്യരായ ക്രിക്കറ്റ് ശക്തി.

ഇന്ത്യയുടെ തോൽവിയിൽ കഠിനമായി സങ്കടപ്പെടേണ്ടതില്ല. കപ്പ് കിട്ടിയില്ലെങ്കിലും തുടർച്ചയായ പത്തു മത്സരങ്ങൾ ആധികാരികമായി നാം ജയിച്ചിരുന്നു. അതിനായി ടീമിലെ എല്ലാവരും ഒന്നിനൊന്നു മെച്ചപ്പെട്ടു കളിച്ചിട്ടുമുണ്ട്.

ഇന്ത്യക്കാരെ ആവേശത്തിന്റെ കൊടുമുടിയിൽ എത്തിച്ച ഷമിക്കും വിരാട് കോഹ്‌ലിക്കും രോഹിത്തിനും സിറാജിനും ശ്രേയസിനും രാഹുലിനും ഗില്ലിനും ബുമ്രയ്ക്കും ഒക്കെ എത്ര നന്ദി പറഞ്ഞാലും മതിയാവില്ല. ഫൈനലിൽ തോൽക്കുക എന്നത് ഏറ്റവും ദുഃഖകരമാണ്. പക്ഷേ, നാം നമ്മുടെ ടീമിനെ തള്ളിപ്പറയുകയില്ല.

തോറ്റാലും ജയിച്ചാലും ഇന്ത്യൻ ജനത ടീം ഇന്ത്യയ്ക്ക് ഒപ്പംതന്നെയുണ്ടാകും. അടുത്ത ടൂർണമെന്റിൽ ഇതേ ആവേശത്തോടെ ഇന്ത്യക്കാർ ടീം ഇന്ത്യയ്ക്കു പിന്നിൽ അണിനിരക്കും.

രണ്ടായിരത്തിയിരുപത്തിമൂന്ന് ഏകദിനലോകകപ്പിലെ 'പ്ലെയർ ഓഫ് ദി ടൂർണമെന്റ്' ആയി തിരഞ്ഞെടുക്കപ്പെട്ട വിരാട് കോഹ്‌ലി ഈ മത്സരത്തിൽ തന്റെ കരിയറിലെ പല നല്ല നാഴികക്കല്ലുകൾ പിന്നിട്ടിട്ടുണ്ട്. ഏറ്റവും കൂടുതൽ വിക്കറ്റ് നേടിയ മുഹമ്മദ് ഷമിയും തന്റെ ഇത്ര നാളത്തെ ഉശിരൻ പ്രകടനമാണ് പുറത്തെടുത്തത്. അങ്ങനെ നോക്കുമ്പോൾ ഇന്ത്യയുടെ തോൽവി വളരെ കഠിനമല്ല; കാരണം, മത്സരത്തിനിറങ്ങുന്ന രണ്ടു പേരും ഒരുപോലെ ജയിക്കാറില്ലല്ലോ?

■

## 'മണിപ്പൂർ എഫ്ഐആർ' പ്രകാശനം ചെയ്തു





*ജോർജ് കള്ളിവയലിൽ എഴുതിയ 'മണിപ്പൂർ എഫ് ഐ ആർ' എന്ന പുസ്തകം കൊച്ചിയിൽ മുഖ്യമന്ത്രി പിണറായി വിജയൻ പ്രകാശനം ചെയ്യുന്നു.*

കൊച്ചി: ദീപിക അസോസിയേറ്റ് എഡിറ്ററും ഡൽഹി ബ്യൂറോ ചീഫുമായ ജോർജ് കള്ളിവയലിൽ രചിച്ച 'മണിപ്പൂർ എഫ് ഐ ആർ' എന്ന പുസ്തകം കൊച്ചിയിൽ മുഖ്യമന്ത്രി പിണറായി വിജയൻ പ്രകാശനം ചെയ്തു. രാജ്യത്തു മാധ്യമങ്ങളെ നിശ്ശബ്ദമാക്കാനുള്ള ഭരണകൂടശ്രമങ്ങൾ പ്രതിരോധിക്കപ്പെടേണ്ടതുണ്ടെന്നു മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു. മണിപ്പൂർ കലാപത്തിന്റെ വസ്തുതകൾ പുറത്തുവരാതിരിക്കാൻ ആസൂത്രിതനീക്കങ്ങൾ ഉണ്ടായിരുന്നുവെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

എറണാകുളം ഗവ. ഗസ്റ്റ് ഹൗസിൽ നടന്ന ചടങ്ങിൽ മുൻ ആഭ്യന്തരമന്ത്രിയും കോൺഗ്രസ് പ്രവർത്തകസമിതിയംഗവുമായ രമേശ് ചെന്നിത്തല പുസ്തകത്തിന്റെ ആദ്യപ്രതി മുഖ്യമന്ത്രിയിൽനിന്ന് ഏറ്റുവാങ്ങി.

മന്ത്രി പി. രാജീവ്, മുൻ കേന്ദ്രമന്ത്രി പ്രഫ. കെ.വി. തോമസ്, മേയർ അഡ്വ. എം. അനിൽകുമാർ, എംപിമാരായ ഹൈബി ഈഡൻ, തോമസ് ചാഴികാടൻ, എ.എം. ആരിഫ്, എംഎൽഎമാരായ ടി.ജെ. വിനോദ്, റോജി എം. ജോൺ, അൻവർ സാദത്ത് തുടങ്ങിയവർ പങ്കെടുത്തു.

ദേശീയ-അന്തർദേശീയ റിപ്പോർട്ടിങ്ങിൽ മൂന്നരപ്പതിറ്റാണ്ടു നീണ്ട അനുഭവങ്ങളുള്ള ജോർജ് കള്ളിവയലിൽ രചിച്ച പുസ്തകത്തിൽ മണിപ്പൂരിന്റെ ചരിത്രം, കലാപത്തിന്റെ പശ്ചാത്തലം, സങ്കീർണമായ സാഹചര്യങ്ങൾ, അധികമാരും അറിയാത്ത പിന്നാമ്പുറക്കഥകൾ, അതിക്രൂരമായ വേട്ടയ്ക്കു പ്രേരകമായ പക, അക്രമപരമ്പരകളുടെ നാൾവഴികൾ, മാസങ്ങൾ നീണ്ട അക്രമങ്ങൾക്കും പ്രതിരോധത്തിനുമുള്ള തയ്യാറെടുപ്പുകൾ, അനേകരുടെ മരണത്തിലേക്കു നയിച്ച ഏറ്റുമുട്ടലുകളുടെ ബാക്കിപത്രം, ഭാവി വെല്ലുവിളികൾ, സമാധാനശ്രമങ്ങൾ എന്നിവ സമഗ്രമായി വിവരിക്കുന്നുണ്ട്.

അഴിമുഖം ബുക്സ് പ്രസിദ്ധീകരിച്ച പുസ്തകത്തിന് എഐ ഇമേജിൽ കവർ പേജ് ഒരുക്കിയത് രാജേഷ് ചാലോടാണ്.

# കുരുന്നുകൾ കാട്ടിത്തന്ന വിസ്മയലോകങ്ങൾ



ഷാജി മാലിപ്പാറ

കുട്ടികൾക്കായി നിരവധി സെമിനാറുകളും ശില്പശാലകളും നടക്കുമ്പോഴും അവഗണിക്കപ്പെടുന്ന ഒരു കൂട്ടരുണ്ട്. കുട്ടികൾക്കുള്ള പ്രത്യേക പരിശീലനപരിപാടികൾ മിക്കതും നാലാംക്ലാസിനു മുകളിലുള്ളവർക്കാണ്. ചിലരൊക്കെ ഔദാര്യം പോലെ അതിൽ വന്നിരിക്കാൻ കൊച്ചുകുട്ടികളെ അനുവദിക്കാറുണ്ട്. അതാകട്ടെ ആ കുട്ടികൾക്കു പീഡനമാകാം. ക്ലാസ് നയിക്കുന്നവർക്ക് അസൗകര്യവും ആയിത്തീരാം.

പരമാർഥം പറഞ്ഞാൽ, ഇത്തരം പരിപാടികളിലേക്ക് ഉത്സാഹത്തോടെ ഓടിയെത്തുന്നവർ കൊച്ചുകുട്ടികൾതന്നെയാണ്. അവർക്ക് ഉല്ലാസത്തോടെ ഇരിക്കാൻ പറ്റുന്ന പരിപാടികൾ പ്രത്യേകമായി നൽകേണ്ടതാണ്. പല കാരണങ്ങളാലും അവ പലയിടത്തും നടക്കാതെ പോകുന്നു. കുട്ടികൾക്ക് എവിടെയും ഹാഫ്ടിക്കറ്റാണല്ലോ. പറ്റുമെങ്കിൽ അതും ഒഴിവാക്കാനാണു ശ്രമം, അല്ലേ?

ഈയൊരു വിചാരം ഉള്ളിലുള്ളതുകൊണ്ടു കൊച്ചുകുട്ടികൾക്കായുള്ള പരിപാടികൾ ചെയ്യാൻ വളരെ സന്തോഷം തോന്നാറുണ്ട്. ഓർമയിൽ അത്തരം എത്രയെത്ര വൈവിധ്യപൂർണമായ പ്രവർത്തനങ്ങൾ! മനസ്സുകൊണ്ടും ശരീരംകൊണ്ടും കഠിനമായി അധ്വാനിച്ചാലേ അവർക്കൊപ്പം എത്താനും അവരെ കൂടെച്ചേർക്കാനുമാകൂ. എന്നാലും അതിന്റെ സന്തോഷവും സാഫല്യവും വലുതാണ്. ഒരു കാര്യം ഉറപ്പ്: അത്തരം സന്ദർഭങ്ങളിൽ കുട്ടികളെ പഠിപ്പിച്ചതിലധികം അവരിൽനിന്നു പഠിച്ചിട്ടുണ്ട്. ഓരോ കാലത്തും കുട്ടികൾക്കുണ്ടാകുന്ന മാറ്റങ്ങളും പ്രത്യേകതകളും നേരിട്ടറിയാൻ ഇന്നും ഇത്തരം ഇടപഴകലുകളോളം ഉപകരിക്കുന്ന മറ്റൊന്നുമില്ല. ആ നിലയ്ക്ക് അവ ഒത്തിരി വിലമതിക്കപ്പെടേണ്ടതാണ്.

ഈയടുത്ത നാളിൽ ഉണ്ടായ അത്തരമൊരു അനുഭവത്തെക്കുറിച്ചുള്ള ആഖ്യാനമാണിത്. നഗരമധ്യത്തിലെ, പേരും പെരുമയും ഒത്തിരി കുട്ടികളുമുള്ള ഒരു വിദ്യാലയത്തിലെ കൊച്ചുകുട്ടികളോടൊപ്പമാണ് ഒരു ദിവസം ചെലവഴിച്ചത്. ഓരോ സ്റ്റാൻഡേർഡിലെയും കുട്ടികൾക്കായി ഓരോ മണിക്കൂർവീതം ദൈർഘ്യമുള്ള സർഗസല്ലാപവേദി. കഥയും കവിതയും പാട്ടും കളിയും ചിരിയും മേളവും ചോദ്യവും ഉത്തരവും ഒപ്പം കുറച്ചു സമ്മാനങ്ങളുമായി ഒരു മണിക്കൂർ.

ആദ്യം എത്തിയത് ഒന്നാം ക്ലാസിലെ കുരുന്നുകളാണ്. തുടർന്നുള്ള മണിക്കൂറുകളിൽ രണ്ടാംക്ലാസ് മുതൽ നാലു കൂട്ടങ്ങൾ. ഓരോ ഗ്രൂപ്പിലും ഇരുന്നൂറോളം കുട്ടികൾ. നാലുസെഷനും കഴിഞ്ഞപ്പോൾ പുതിയ ചില നിരീക്ഷണങ്ങൾ ലഭിച്ചതാണ് സന്തോഷകരം. അവയെ ക്രമമായി സൂചിപ്പിക്കട്ടെ.

1. കുട്ടികളോട് ഏതാനും ചോദ്യങ്ങൾ ചോദിച്ചുകൊണ്ടാണു തുടങ്ങിയത്. ആദ്യചോദ്യം നിങ്ങൾ ആരുടെ കുട്ടികളാണ് എന്നതായിരുന്നു. ഉടൻ വന്ന മറുപടി ഇപ്രകാരം: ഞങ്ങൾ ദൈവത്തിന്റെ കുട്ടികളാണ്.

അതേ, കുഞ്ഞുങ്ങളെല്ലാം ദൈവത്തിന്റേതാണ് (ഖലിൽ ജിബ്രാൻ). ഈശ്വരചിന്തയും ഈശ്വരപ്രാർഥനയും ഈശ്വരവിശ്വാസവും വിദ്യാഭ്യാസത്തിന്റെ അടിത്തറയായി നിലകൊള്ളേണ്ടതുതന്നെയാണല്ലോ. മനുഷ്യമക്കളെല്ലാം ദൈവമക്കളാണെന്ന അവബോധം എത്ര സുന്ദരമാണ്!



2. പിന്നെ നിങ്ങൾ ആരുടെ കുട്ടികളാണെന്ന ചോദ്യത്തിനു ഞങ്ങൾ പേരന്റ്സിന്റെ കുട്ടികളാണെന്നു മറുപടി കിട്ടി. സ്വാഭാവികം. അടുത്ത ചോദ്യം പിന്നെ നിങ്ങൾ ആരുടേതാണ് എന്നായിരുന്നു. ടീച്ചേഴ്സിന്റെ എന്ന ഉത്തരം പ്രതീക്ഷിച്ച എന്നോട് അവർ പറഞ്ഞത് ഗ്രാൻഡ് പേരന്റ്സിന്റെ എന്നാണ്.

അതേ, പിഞ്ചുകുഞ്ഞുങ്ങൾക്ക് അറിയാം; അവർ ഗ്രാൻഡ് പേരന്റ്സിന് എത്ര പ്രിയപ്പെട്ടവരാണെന്ന്, അവർ തങ്ങൾക്കായി എന്തൊക്കെ ചെയ്യുന്നുവെന്ന്. വലിയ തിരക്കുകളിൽപ്പെട്ടുഴലുന്ന പേരന്റ്സിനു പകരമായി ഗ്രാൻഡ് പേരന്റ്സ് ചെയ്യുന്ന നന്മകൾ വെറുതെയാവുന്നില്ല. അവരുടെ വാത്സല്യം തിരിച്ചറിയാനും കുട്ടികൾക്കു കഴിയുന്നതു നല്ല കാര്യംതന്നെ.

3. വീണ്ടും നിങ്ങൾ ആരുടേതാണെന്ന ചോദ്യത്തിന് ഞങ്ങൾ ടീച്ചേഴ്സിന്റെ കുട്ടികളാണെന്ന് അവർ ഉത്തരം നൽകി. തികച്ചും സ്വാഭാവികം. അഞ്ചാമത്തേതും അവസാനത്തേതുമായ ചോദ്യം അവരോട് ആവർത്തിച്ചു: നിങ്ങൾ വീണ്ടും ആരുടേതാണ്? അവരോടു പറയാൻ കരുതിവച്ച ഉത്തരം അവർ വിളിച്ചുപറഞ്ഞത് അദ്ഭുതത്തോടെയാണു കേട്ടത്: ഞങ്ങൾ സാറിന്റെ കുട്ടികളാണ്.

അപരിചിതനായ ഒരാളെ അംഗീകരിക്കാനും സ്നേഹിക്കാനും വിശ്വസിക്കാനും കുട്ടികൾക്കു കഴിയും. അതു തുറന്നുപ്രകടിപ്പിക്കാനും അവർ തയ്യാറാണ്. ആ നന്മയെ വഴിതെറ്റാതെ വളർത്താൻ കഴിയുകയെന്നതാണ് പ്രധാനം.

4. കുട്ടികൾക്കിടയിലിരുന്ന അധ്യാപകരെ ചൂണ്ടിക്കാട്ടി ചോദിച്ചു: ഈ ടീച്ചേഴ്സ് നല്ലവരാണോ? അതേയെന്ന് അവർ ഈണത്തിൽ പറഞ്ഞു. എന്നാൽ, എല്ലാവരും അവരുടെ മുഖത്തുനോക്കൂ എന്ന് ആവശ്യപ്പെട്ടപ്പോൾ കുട്ടികൾ തിരിഞ്ഞും മറിഞ്ഞും എഴുന്നേറ്റുനിന്നും ടീച്ചേഴ്സിനെ നോക്കി. നിറനിലാവുപോലുള്ള പുഞ്ചിരിയുമായി ടീച്ചേഴ്സ് നിന്നു. നിങ്ങൾ നല്ല കുട്ടികളാണല്ലോ, എങ്കിൽ ടീച്ചേഴ്സ് ഇപ്പോൾ ഇവിടെ ആവശ്യമില്ലല്ലോ, അവരെ നമുക്കു സ്റ്റാഫ് റൂമിലേക്കു പറഞ്ഞുവിടാം എന്നു പറഞ്ഞപ്പോൾ ഒന്നാംക്ലാസുകാർ സമ്മതിച്ചില്ല. വേണ്ട, അവർ നല്ലവരാ, അവരും ഇവിടെ ഇരുന്നോട്ടെ എന്നായി അവർ.

അതേ, ഇക്കാലത്തും ടീച്ചേഴ്സ് കുട്ടികൾക്ക് നല്ലവരും വേണ്ടപ്പെട്ടവരുമാണ്. അവർ കൂടെയുള്ളത് സന്തോഷവും ഇഷ്ടവുമുള്ള കാര്യമാണ്. അവരുടെ സാന്നിധ്യം കുട്ടികൾക്കു ധൈര്യവുമാണ്. കൊച്ചുകുട്ടികൾക്ക് അധ്യാപകരുടെ ദൃശ്യസാന്നിധ്യം ഏറെ ഉപകാരപ്രദമെന്നു ചുരുക്കം. കുട്ടികൾ മുതിരുമ്പോൾ ഈ മനോഭാവം മാറിവരികയും ചെയ്യും.

5. എല്ലാവരും എന്റെ മുഖത്തു നോക്കൂ. ഞാൻ സുന്ദരനല്ലേ? എന്ന ചോദ്യത്തിനു കുട്ടികൾ സന്തോഷത്തോടെ പ്രതികരിച്ചു. എന്നാൽ, ഒരു മൂന്നാംക്ലാസുകാരൻ തലയിലേക്കു ചൂണ്ടിക്കൊണ്ടു വിളിച്ചുപറഞ്ഞു: അവിടെ വൈറ്റാ. തലയിലെ നര അവനത്ര പിടിച്ചില്ല.

കുട്ടികളുടെ സൗന്ദര്യസങ്കല്പം രൂപംകൊള്ളുന്നത് സമൂഹത്തിൽനിന്നുതന്നെ. തങ്ങളുമായി ബന്ധപ്പെടുന്ന ഏവരുടെയും സൗന്ദര്യത്തെയും സ്വഭാവത്തെയും വിലയിരുത്തുകയും അഭിപ്രായപ്രകടനം നടത്തുകയും ചെയ്യുന്നതിൽ ഇന്നത്തെ കുട്ടികൾ സമർഥരാണ്.

6. കഥ പറയുന്നതിനിടയിൽ കഥാപാത്രമായി ഒരു ചെറുപ്പക്കാരനെ അവതരിപ്പിച്ചു. കഥാഗതിയിൽ ചെറുപ്പക്കാരൻ എന്ന വാക്ക് ആവർത്തിക്കുമ്പോൾ മൂന്നാംക്ലാസുകാരികൾ ഒരേസ്വരത്തിൽ വിളിച്ചുപറഞ്ഞു: ചെറുപ്പക്കാരനല്ല, ചെറുപ്പക്കാരി മതി.

ലിംഗബോധവും സമത്വചിന്തയുമൊക്കെ ഇന്നത്തെ കൊച്ചുകുഞ്ഞുങ്ങളിൽപ്പോലും കാണാം. കാലം മാറിവരുന്നു. എങ്ങനെയുമൊരു കഥ കേട്ടാൽ പോരാ, തങ്ങൾക്കിണങ്ങുന്ന വിധത്തിൽ അതു കേൾക്കാൻ കുട്ടികൾ ആഗ്രഹിക്കുന്നു.

7. ഓരോ സെഷനും കഴിഞ്ഞ് കുട്ടികൾ ഹാളിൽനിന്നു ക്ലാസ്സിലേക്കു മടങ്ങുമ്പോൾ ചിലർ പുഞ്ചിരിച്ചു, ചിലർ കൈവീശി, ചിലർ കൈനീട്ടിയത് ഹസ്തദാനത്തിനാണെന്നു കരുതിയതു തെറ്റി. ഇപ്പോൾ കുട്ടികൾക്കിഷ്ടം കൈകൊടുക്കാനല്ല, ഹൈഫൈവ് അടിക്കാനാണ്. അതിനവസരം നൽകി. അതിനിടയിൽ ഒരു കുട്ടി തന്റെ കൈയിൽ ഉണ്ടായിരുന്ന ഹൃദയചിത്രം പതിച്ച ഒരു നുറുങ്ങുകടലാസ് സമ്മാനിച്ചിട്ടു പറഞ്ഞു: സാറിന് എന്റെ സമ്മാനം. ഇതു കളയരുത്.

ഇഷ്ടങ്ങളൊക്കെ അറിയിക്കാനുള്ളതാണെന്നു കുട്ടികൾക്കറിയാം. മടികൂടാതെ അവരതു ചെയ്യും. സ്വാതന്ത്ര്യത്തോടും സമഭാവനയോടുംകൂടി ഇടപെടാനാണ് അവർക്കു താത്പര്യം. ഒപ്പം അനിഷ്ടങ്ങൾകൂടി പങ്കുവയ്ക്കാൻ അവർക്കു മടിയില്ലെന്നതും ഓർക്കണം.

8. ഹാളിൽനിന്നു മടങ്ങുന്ന ചില കുട്ടികൾ അരികിൽവന്നു പറഞ്ഞു: സാറിന്റെ ക്ലാസ്സ് ഇഷ്ടപ്പെട്ടു. പൊളിയായിരുന്നു. ഇനി എന്നാ വരുന്നത്? ഹായ്! പിന്നെ കാണാം. ഇതൊക്കെ കേട്ടുനിന്ന അധ്യാപകരിൽ ചിലർ പറഞ്ഞു: അവർക്ക് ക്ലാസ് ഒത്തിരി ഇഷ്ടമായതുകൊണ്ടാ ഇങ്ങനെയൊക്കെ പറയുന്നത്. ഇതു പതിവുള്ളതല്ല. ഏതായാലും ക്ലാസ് നന്നായി.

നന്നായി എന്ന വാക്കു കേൾക്കുന്നത് ആർക്കും സന്തോഷകരംതന്നെ. നന്നായി എന്ന വാക്ക് ദൈവത്തിന്റേതാണല്ലോ. നന്നായി എന്നു പറയാൻ എളുപ്പമല്ല. ഉള്ളിൽ നന്മയുടെ കതിരുകൾ കൂടിയേതീരൂ.

ഏതൊരു പ്രവർത്തനത്തിനും ആസൂത്രണം, നിർവഹണം, വിലയിരുത്തൽ എന്നീ മൂന്നു ഘട്ടങ്ങൾ ഉണ്ടാകണം. ആസൂത്രണം മെച്ചപ്പെട്ടാൽ നിർവഹണം എളുപ്പമാകും. വിലയിരുത്തൽ ആഹ്ലാദകരമാകും. ആസൂത്രണത്തിന്റെ അഭാവം നിർവഹണത്തെ ക്ലേശകരമാക്കും. അതിന്റെ വിലയിരുത്തൽ നിരാശയിലും പഴിചാരലിലും ചെന്നെത്തും. ശരിയായ നേതൃത്വം, കൃത്യമായ തീരുമാനങ്ങൾ, സജീവമായ പങ്കാളിത്തം എന്നിവയാണു പ്രവർത്തനങ്ങളെ വിജയത്തിലെത്തിക്കുന്നത്. അപ്പോൾ അതിൽ പങ്കുചേരുന്നവർക്കു ലഭിക്കുന്ന കൃതാർഥത ചെറുതല്ല. അതു കൊച്ചുകുട്ടികൾക്കു വേണ്ടിയാകുമ്പോൾ ഇരട്ടിമധുരംതന്നെയാകുന്നു.

■



ഫാ. തോമസ്

17

## സഭ

കുടുംബവിളക്ക്

സഭയെക്കുറിച്ചുള്ള അടിസ്ഥാനബോധ്യങ്ങളിൽ അനുദിനം ആഴപ്പെടാൻ ക്രൈസ്തവകുടുംബങ്ങൾക്കു കഴിയണം. സത്യവിശ്വാസത്തിൽ അധിഷ്ഠിതമായ ഓരോ കുടുംബവും പ്രാദേശികസഭയാണ്. സാർവത്രികസഭയുടെ അടിസ്ഥാനഘടകമാണ് കുടുംബം. ക്രിസ്തീയകുടുംബങ്ങളുടെ കൂട്ടായ്മയാണ് കത്തോലിക്കാസഭ. തിരുസ്സഭാതനുവിന്റെ അവയവങ്ങളും, തിരുസ്സഭാതരുവിന്റെ ഇലകളുമാണ് കുടുംബങ്ങൾ. അവയോരോന്നുമാണ് സഭാമാതാവിനെ പരിപോഷിപ്പിക്കേണ്ടത്. കുടുംബങ്ങളാണ് സഭയുടെ കെട്ടുറപ്പ്. കുടുംബങ്ങളില്ലെങ്കിൽ സഭയില്ല. ഈ ബോധ്യങ്ങൾ കുടുംബാംഗങ്ങൾ വളർത്തിയെടുക്കണം. സഭയോടൊത്തു വളരാനും, അവളെ വളർത്താനും കുടുംബങ്ങൾക്കുള്ള കടമ ഗൗരവമേറിയതാണ്. ഓർക്കണം, കർത്താവിനാൽ രൂപീകൃതവും സ്ഥാപിതവുമായ ഭൂമിയിലെ സഭ വിശുദ്ധരുടെ കൂട്ടായ്മയല്ല, കുറവുകളും ബലഹീനതകളുമുള്ള സാധാരണമനുഷ്യരുടെ വിശുദ്ധമായ കൂട്ടായ്മയാണ്. വിശുദ്ധനായവനാൽ സ്ഥാപിതമായതിനാൽ സഭ വിശുദ്ധമാണ്. അവളുടെ മക്കളുടെ അശുദ്ധി അവളെ അശുദ്ധയാക്കുന്നില്ല. ചേമ്പിലക്കുള്ളിലെ ചെളിവെള്ളം അതിനെ കളങ്കപ്പെടുത്താത്തതുപോലെ! കുറച്ചുപേരുടെ കുറവുകളുടെ പേരിൽ സഭയെ അടച്ചാക്ഷേപിക്കാനും അവളെ തകർക്കാനും തക്കം നോക്കി കെണികളൊരുക്കുന്നവരെ തിരിച്ചറിയണം. കുടുംബങ്ങളിലെ കുറ്റങ്ങളെ ആരും കൊട്ടിഘോഷിക്കാറില്ലല്ലോ? അതുപോലെതന്നെ തിരുസ്സഭയാകുന്ന കുടുംബത്തിന്റെ കുറ്റങ്ങളെ നമുക്കും ആഘോഷിക്കുകയോ കൊട്ടിയാഘോഷിക്കുകയോ ചെയ്യാതിരിക്കാം. സഭയുടെ മുറിവുകൾ നമ്മുടെ സ്വന്തമാണ്. സഭയിലെ അംഗങ്ങളായ ആരിൽനിന്നെങ്കിലുമൊക്കെ ഉണ്ടായിട്ടുള്ള തിക്താനുഭവങ്ങളൊന്നും സഭയെ വെറുക്കാനോ അവളിൽനിന്നു അകന്നുപോകാനോ ഉള്ള കാരണമല്ല. സഭയോടൊത്തെ സഞ്ചരിക്കാം. സഭാധികാരികളെയും അവരുടെ പ്രബോധനങ്ങളെയും അനുസരിക്കാം. സഭയെപ്പറ്റി സുഭാഷണങ്ങൾ നടത്താം. അവളെ അവഹേളിക്കുന്ന തരത്തിലുള്ള സംസാരങ്ങൾ കുടുംബങ്ങളിൽ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കാം. സഭയിലെ സമർപ്പിതർക്കു പ്രാർഥനകളും പരിത്യാഗപ്രവൃത്തികളുംകൊണ്ട് തുണയും തണലുമേകാം. പൗരോഹിത്യത്തിലേക്കും സന്ന്യാസത്തിലേക്കും നല്ല ദൈവവിളികളുണ്ടാകാൻ പ്രാർഥിക്കാം. നമ്മുടെ മക്കളെ സഭാസേവനത്തിനായി സമർപ്പിക്കാം. സഭയുടെ നിലനില്പിനും വളർച്ചയ്ക്കുമായി എന്റെ കുടുംബത്തിന് എന്തുചെയ്യാൻ സാധിക്കും എന്നതായിരിക്കട്ടെ സഭാസ്നേഹമുള്ള ഓരോരുത്തരുടെയും ചിന്ത. അനുദിനം തിരുസഭാമാതാവിനുവേണ്ടി അല്പസമയമെങ്കിലും പ്രാർഥിക്കാം.

'ഭവനത്തിൽ സമ്മേളിക്കുന്ന സഭയ്ക്കു വന്ദനം.' (റോമ. 16:5; ഫിലെ. 2)

# കഥവീട്ടിലൊരമ്മ



കഥ

ഡോ. മായാ ഗോപിനാഥ്

**തൂ**വെള്ള നര പടർന്ന മുടി ചുറ്റിക്കെട്ടി പിന്നിൽ ഒതുക്കിവച്ച് നെറ്റിയിലൊരു ചുവന്ന പൊട്ടു കുത്തി വലിയൊരു കട്ടിക്കണ്ണട വച്ച് ഇളംനീലസാരിയുടെ തുമ്പ് പിന്നിലൂടെ ബ്ലൗസിനുമേലേ പുതച്ച്, ഒരു ദേവതയുടെ വിശുദ്ധി പേറി രാജമല്ലികൾ അരികുപറ്റിയ ഗേറ്റ് തുറന്നിറങ്ങി റോഡിലൂടെ ആയമ്മ നടന്നുപോകുന്നത് എന്നത്തെയുംപോലെ തന്റെ ജനാലയിലൂടെ അന്നും ദിവ്യ നോക്കിനിന്നു.

പുതിയ വീട്ടിൽ എത്തിയ ശേഷം ദിവ്യയുടെ ഓരോ പുലരിയും പൂവിരിയുന്നപോലെ ശോഭയുള്ളതാക്കിയത് ഈ കാഴ്ചയാണ്.

രാജമല്ലിപ്പൂക്കൾ ഒരു മെത്തപോലെ വീണുകിടന്ന ആ വഴിയിലൂടെ ആയമ്മ എന്നും പോകുന്നത് എവിടേക്കാണെന്നു ദിവ്യ ഓർക്കാറുണ്ട്.

ദിവ്യ ജേർണലിസം ഡിപ്ലോമയ്ക്കു പഠിക്കാൻ വന്നതാണ് ആ നഗരത്തിൽ. ചില ആനുകാലികങ്ങളിൽ കഥകൾ എഴുതാറുമുണ്ട്. വാർത്തകളെക്കാൾ എന്നും ദിവ്യയെ ആകർഷിച്ചത് വ്യക്തികളാണ്.

പ്രസിദ്ധരായവരെക്കാൾ അറിയപ്പെടാതെപോയവരെയും സ്വകർമംകൊണ്ട് ആത്മകഥകൾ രചിച്ചു ലളിതജീവിതം നയിക്കുന്നവരെയും ദിവ്യ ഒരുപാടിഷ്ടപ്പെട്ടു.

അതുകൊണ്ടുതന്നെ അയൽവീട്ടിലെ അമ്മയുടെ ജീവിതത്തിലും കൗതുകകരമായ എന്തോ ഒന്നു നിലനിൽക്കുന്നുവെന്ന് ദിവ്യയ്ക്ക് ഉറപ്പായിരുന്നു.

ശനിയാഴ്ച വൈകുന്നേരങ്ങളിൽ മാർജിൻ ഫ്രീ കടയിലെ വണ്ടി വീടിനു മുന്നിൽ നിൽക്കുന്നതും അമ്മ വന്നു വീട്ടുസാധനങ്ങളുടെ സഞ്ചികൾ വാങ്ങി പോകുന്നതും ദിവ്യ കാണാറുണ്ട്.

ഒന്നാംനിലയ്ക്കു മുകളിൽ വിരിച്ചിട്ടുണ്ടാകാറുള്ള കോട്ടൺ സാരികളിൽപ്പോലും എപ്പോഴും ഒരു ലാളിത്യം തുളുമ്പിനിന്ന് ദിവ്യയെ അവരോട് അടുപ്പിച്ചുകൊണ്ടിരുന്നു.

ഓരോ കാര്യത്തിലും ചിട്ടയും ഒതുക്കവും മിതത്വവും പുലർത്തുന്നയാളാണ് അമ്മയെന്നുറപ്പായിരുന്നു.

അമ്മയുടെ അടുക്കളപ്പുറത്തുള്ള തിട്ടമേൽ കഴുകി കമിഴ്ത്തി വയ്ക്കാറുള്ള തിളങ്ങുന്ന സ്റ്റീൽ പാത്രങ്ങളിൽപ്പോലും അവരുടെ വൃത്തി നിറഞ്ഞുനിൽക്കും.

മുറ്റത്തിന്റെ അതിരോടു ചേർന്നു കായ്ച്ചുകിടക്കുന്ന വെണ്ടയും വഴുതിനയും ഇടയ്ക്കൊക്കെ ഒന്നോ രണ്ടോ വീതം അവർ സൂക്ഷ്മതയോടെ അടർത്തിയെടുക്കുമ്പോൾ വീട്ടിലെ ഭക്ഷണമേശമേലിരുന്നു വെണ്ടയ്ക്കളപ്പേരിക്കു നുറുക്കുന്ന തന്റെ അമ്മിണിയമ്മയെ ദിവ്യ ഓർത്തു.

എഴുത്തുകാരിയല്ലെങ്കിലും ഒരു സാഹിത്യകാരിയുടെ ഭാഷയുണ്ട് തന്റെ അമ്മയ്ക്ക്. ഒരു കഥപോലും എഴുതിയിട്ടില്ലെങ്കിലും അമ്മ പറയും, കാലമാകുന്ന മഹാ സാഗരത്തിലേക്കു പ്രവഹിക്കുന്ന കഥയാണ് ഓരോ ജീവിതവും എന്ന്.

പെട്ടെന്ന് അമ്മിണിയമ്മയെ ഒന്നു കാണാൻ തോന്നി. വാട്സ് ആപ്പ് വീഡിയോ കോൾ വിളിച്ചു.

അമ്മ ഓൺലൈൻ അല്ല. അല്ലെങ്കിലും അമ്മമാരൊക്കെ മിക്കപ്പോഴും ശമ്പളമില്ലാത്ത ഓഫ്‌ലൈൻ ഡ്യൂട്ടിയിൽ ആവുമല്ലോ.

തീർച്ചയായും അടുത്ത ശനിയാഴ്ച തന്റെ അമ്മയെ കാണാൻ പോകണമെന്നു ദിവ്യ തീർച്ചപ്പെടുത്തി.

അന്ന് ഉച്ചയ്ക്കത്തേക്ക് ഒരു ചിക്കൻ ഫ്രൈഡ് റൈസ് ഓർഡർ ചെയ്തു. ഇൻസ്റ്റഗ്രാം നോക്കി അലസമായി കിടന്നപ്പോഴാണ് പതിവു തെറ്റിച്ച് ആരോ ഒരാൾ ഗേറ്റുകടന്ന് അപ്പുറത്തെ വീട്ടിലേക്കു പോയതും പിന്നെ അയാൾ ഉമ്മറത്തു കാത്തിരുന്ന നേരംകൊണ്ട് ഒരുങ്ങിയിറങ്ങി. കയ്യിൽ ഒരു ബാഗും തൂക്കി അയാൾക്കൊപ്പം അമ്മു റോഡിലെത്തി, അയാൾ കൊണ്ടുവന്ന ഓട്ടോയിൽ കയറി എങ്ങോട്ടോ പോവുകയും ചെയ്തു.



ഭക്ഷണത്തിന്റെ ഓർഡറുമായി സോമറ്റോ പയ്യൻ എത്തി.

ഭക്ഷണശേഷം ഒന്നു മയങ്ങിപ്പോയി. ഉണർന്നപ്പോൾ സന്ധ്യ കനത്തിരുന്നു. പെട്ടെന്ന് ജനൽ കർട്ടൻ നീക്കി അപ്പുറത്തെ വീട്ടിലേക്കു നോക്കി.

സന്ധ്യയ്ക്ക് ഉമ്മറത്ത് നിത്യവും തെളിയുന്ന നിലവിളക്കില്ല. പുറത്തും അകത്തും ഒരു ബൾബും പ്രകാശിക്കാതെ വീട് ഇരുൾമൂടിക്കിടന്നു.

അകാരണമായ ഒരു ഭയം തോന്നി. ഒറ്റയ്ക്കു താമസിക്കുന്ന പ്രായമായ ഒരു സ്ത്രീ. പരിസരവാസികളിൽനിന്ന് അകലം പാലിച്ചു തന്റേതായ ലോകത്തു താമസിച്ചിരുന്നൊരാൾ...

ആരോടു തിരക്കും ആയമ്മയെക്കുറിച്ച്?

ദിവ്യ പെട്ടെന്ന് താഴത്തെ നിലയിലുള്ള ഹൗസ് ഓണറുടെ അടുത്തുപോയി.

അവിടത്തെ ആന്റിയോട് അയൽവക്കത്തെ അമ്മയെക്കുറിച്ചന്വേഷിച്ചു.

അവർ അവിവാഹിതയായ ഒരു റിട്ടയേർഡ് ഹെഡ്മിസ്ട്രസ് ആണെന്നും എല്ലാവരോടും അകലം പാലിക്കുന്ന അവർ എന്നും കാലത്ത് കുറച്ചകലെയുള്ള അനാഥാലയത്തിലെ അന്തേവാസികൾക്കു പലഹാരങ്ങൾ ഉണ്ടാക്കിക്കൊടുക്കാറുണ്ടെന്നും അറിഞ്ഞു.

സാധാരണമായി അവിടെ നിന്നു മാറിനിൽക്കാറില്ലെന്നും ആന്റിയിൽനിന്നറിഞ്ഞപ്പോൾ വെറുതെ നെഞ്ചിലൊരു വിങ്ങൽ. തനിക്കവരെ ഒന്നു നേരത്തേ പരിചയപ്പെടാമായിരുന്നു.

ഒറ്റയ്ക്കാകുമ്പോൾ ആരെങ്കിലും മിണ്ടിയും പറഞ്ഞും ഇരിക്കാൻ ഉണ്ടായെങ്കിൽ നന്നായെന്നു തോന്നാത്ത മനുഷ്യരുണ്ടോ?

രാത്രി വൈകുവോളം പല തവണ കർട്ടൻ മാറ്റി നോക്കിയെങ്കിലും അവിടെ പ്രകാശമൊന്നും കണ്ടില്ല.

കാലത്തെ പതിവുപോലെ ഗേറ്റു തുറന്ന് അവർ വന്നില്ല. ഗേറ്റിനരികിലെ രാജമല്ലിപ്പൂക്കൾപോലും മൗനമായി അനക്കമറ്റ് നിൽക്കുന്നു.

അമ്മയുടെ നീലക്കരയുള്ള സെറ്റുസാരി ടെറസിലെ അയയിൽ തനിച്ചുകിടന്നു.

പുലർകാലസൗരഭ്യം നഷ്ടമായ കാറ്റ് ചിന്താഭാരത്തോടെ ജനാലപ്പാളി ആയത്തിൽ അടച്ചു.

ദിവ്യ വൈകിട്ട് കോളജ് വിട്ട് വന്നപ്പോഴും അയയിലെ സാരി അവിടെത്തന്നെ കിടന്നിരുന്നു.

കൊഴിഞ്ഞ ഇലകൾ മുറ്റത്താകെ നിരന്നുകിടന്നു.

പെട്ടെന്നൊരു ശൂന്യത വീടിനെയാകെ ചൂഴ്ന്നപോലെ.

ഇരുളടഞ്ഞു കിടന്ന ആ വീടു നോക്കി ഉള്ളിലൊരു ഭാരത്തോടെ ദിവ്യ ജനാലയടച്ച് ഉറങ്ങാൻ കിടന്നു.

നാലഞ്ചു ദിവസം കടന്നുപോയി.

അയയിൽ കിടന്ന സാരി വെയിൽകൊണ്ടു വിളറി. പിന്നെ ഇടയ്ക്ക് കാലംതെറ്റി പെയ്ത മഴയിൽ കുതിർന്ന് അനാഥമായി.

രണ്ടാഴ്ചകൊണ്ട് ആ വീടിനുചുറ്റും കരിയിലകൊണ്ടു നിറഞ്ഞു.

രാജമല്ലികൾക്കു പൂക്കാൻ ഉത്സാഹംകെട്ട പോലെയായി.

നനഞ്ഞുകിടന്ന ഒരു ശനിയാഴ്ചയായിരുന്നു അത്. വൈകുന്നേരം അമ്മിണിയമ്മയെ കാണാൻ ബസ് കയറി.

വീട്ടിലെത്തിയപ്പോൾ അമ്മിണിയമ്മ ആദ്യം കണ്ടുപിടിച്ചത് അപൂർണമായ ഉറക്കം കണ്ണിനു താഴെ കട്ടപിടിച്ച് കറുപ്പായതാണ്.

പിന്നെ പരാതിയും പരിഭവവും ഇടകലർത്തിയ കാപ്പിയും അവൾ നനച്ച ശർക്കരമധുരവും.

അയൽവക്കത്തെ അമ്മയുടെ തിരോധാനം തന്നെ ഉലച്ചത് തിരിച്ചറിഞ്ഞ് അമ്മ പറഞ്ഞു:

''ആരെയും ഒന്നിനെയും അതിരുകടന്ന് ഇഷ്ടപ്പെടരുത് മോളൂ.''

"അപ്പോൾപ്പിന്നെ നമ്മളൊക്കെ വെറും നടീനടന്മാരായി മാത്രം ജീവിക്കില്ലേ അമ്മേ?"

"നാടകമാണ് ലോകമെന്നും നമ്മളൊക്കെ നടീനടന്മാർ ആണെന്നും നാമെല്ലാം തിരിച്ചറിയുന്ന ഒരു പ്രായമുണ്ട്. നിനക്കവിടേക്കൊത്തിരി ദൂരമുണ്ട് മോളൂ."

"അമ്മിണിയമ്മ എന്താ കഥയെഴുതാത്തത്?"

"മോളൂ, നമ്മളൊക്കെ കഥയിലൂടെ കഥയറിയാതെ പൊങ്ങുപോലെ ഒഴുകിയൊഴുകി നീങ്ങും. കഥയറിയുന്ന അഷിതയും ആമിയുമൊക്കെ മുത്തും പവിഴവും മുങ്ങിയെടുക്കും. പിന്നെ അക്ഷരച്ചെപ്പിലിട്ടടച്ച് അവയൊക്കെ നമുക്കു തരും.

"എന്നാലും എന്റമ്മിണിയമ്മയല്ലേ ഒരു വെള്ളാരം കല്ലെങ്കിലും മുങ്ങിയെടുക്കെന്റെ പൊന്നേ..."

"കുറുമ്പത്തി..." അമ്മ ദിവ്യയുടെ മൂക്കിന്റെ തുമ്പുപിടിച്ച് പറഞ്ഞു.

ഞായറാഴ്ച തിരികെപ്പോരുമ്പോൾ അമ്മ ഉമ്മറത്തുനിന്നു പറഞ്ഞു.

"മോളൂ, ആയമ്മ ഉടനെ തിരിച്ചു വരും കേട്ടോ..."

"അമ്മിണിയമ്മേടെ നാക്ക് പൊന്നാവട്ടെ." ദിവ്യ അമ്മയെ കെട്ടിപ്പിടിച്ചുമ്മ വച്ചു.

വൈകുന്നേരത്തെ മഴയിൽ അല്പം നനഞ്ഞാണ് ദിവ്യ വീട്ടിലെത്തിയത്.

മുറിയിലേക്കുള്ള പടിക്കെട്ട് കയറുമ്പോൾ അപ്പുറത്തെ ടെറസിലേക്കു നോക്കി. അയയിൽ കിടന്ന സാരി കാണാനില്ല.

അമ്മിണിയമ്മയുടെ നാക്ക് പൊലിച്ചപോലെ ഒരു നിമിഷം വൈകാതെ ദിവ്യ അങ്ങോട്ടോടി. മുറ്റത്തെത്തിയതും ഗേറ്റു തുറന്ന ശബ്ദം കേട്ട് ഒരു സ്ത്രീ പുറത്തേക്കു വന്നു.

"ഇവിടെ ഒരമ്മ താമസിച്ചിരുന്നു. അവരാണെന്നു കരുതിയാണ് ഞാൻ..."

"ടീച്ചർക്ക് ഒരു ചെറിയ ഓപ്പറേഷൻ ആയിരുന്നു. അകത്തുണ്ട്. കുട്ടി വന്നോളൂ." അവർ ദിവ്യയെ അകത്തെ മുറിയിലേക്കു കൂട്ടിക്കൊണ്ടുപോയി.

റെഡ്ഓക്സൈഡ് ഇട്ട തറയിൽ നല്ല തണുപ്പായിരുന്നു. കുറെ ദിവസമായി അടഞ്ഞു കിടന്നതിന്റെ പൂപ്പൽമണം മുറിയിൽ തങ്ങിനിന്നിരുന്നു.

സ്വീകരണമുറിയുടെ മൂലയിലൊരു വലിയ നിലവിളക്ക് തിരിയില്ലാതെ, തെളിയാതെ വിളറി മഞ്ഞച്ചിരുന്നു.

അകത്തെ മുറിയിലെ കട്ടിലിൽ ഇരുന്ന അമ്മയെക്കണ്ടു നെഞ്ചു തകർന്നുപോയി.

അമ്മയുടെ പഞ്ഞിക്കെട്ടുപോലെയുള്ള മുടിയാകെ വടിച്ചുകളഞ്ഞത് അവിടവിടെ കുറ്റിച്ചു വെളുത്തു വളർന്നുതുടങ്ങിയിരുന്നു.

പ്രൗഢമായൊരു നിസ്സഹായത കണ്ണുകളിൽ നിറഞ്ഞുനിന്ന പോലെ.

ഇളംനീല നൈറ്റി ഇട്ടിരുന്ന അമ്മ അവളെ അടുത്തേക്കു വിളിച്ചു.

"വാ എന്റെ ചുന്ദരികുട്ടി. അടുത്തു വന്നിരിക്കൂ."

പെട്ടെന്ന് ആ നെഞ്ചിലൊരു വാത്സല്യച്ചൂട് നിറഞ്ഞുതുളുമ്പിയപോലെ...

അടുത്തിരുന്ന തന്റെ കൈപ്പത്തിമേൽ തലോടി അമ്മ ചോദിച്ചു:

"എന്താ കയ്യിൽ വളകളിടാത്തത് മോളേ?"

ആരെന്നോ എന്തെന്നോ അറിയാത്തൊരാളെ അടുത്തിരുത്തി സൗമ്യവും സ്നേഹമസൃണവുമായി തലോടിയ അമ്മയുടെ ഹൃദയം എത്രയേറെ ആർദ്രവും ലോലവുമാണെന്ന് ഓർത്തുപോയി.

"അമ്മയ്ക്ക് എന്തായിരുന്നു വയ്യായ്ക?" ദിവ്യ ചോദിച്ചു.

"ആവശ്യമില്ലാത്തൊരു മുഴ വളർന്നു വന്ന ഗർഭപാത്രം. അതങ്ങ് എടുത്തുകളഞ്ഞു. അത്ര തന്നെ."

ദിവ്യയ്ക്കു സംശയം തോന്നി. . അമ്മ പറയുന്നു ഗർഭപാത്രം എടുത്തുകളഞ്ഞെന്ന് പക്ഷേ, തലയിലൊരു മുറിവ് തുന്നിയ പാടും

"അപ്പോൾ അമ്മയുടെ തലയിലെ ഈ മുറിവോ?"

"ഹ ഹ ഹ. അത് ഡോക്ടർമാർ വെറുതെ തുറന്നു നോക്കീട്ട് അങ്ങു കുത്തിക്കെട്ടി..."

വീണ്ടും അവർ പൊട്ടിച്ചിരിച്ചു.

ശേഷം 8-ാം പേജിൽ

# കടങ്കഥയുടെ കൂട്ടുകാർ





ഡോ. സോമൻ കടലൂർ

ഒരിക്കൽ ഒരു ബന്ധുവീട്ടിൽ പോയപ്പോൾ അവിടെക്കണ്ട രണ്ടുമൂന്നു കുസൃതികളോടു ചില കടങ്കഥകൾ ചോദിച്ചു: കാള കിടക്കും കയറോടും, ഞെട്ടില്ലാ വട്ടയില, ഓടും കുതിര ചാടും കുതിര വെള്ളം കണ്ടാ നിൽക്കും കുതിര – അങ്ങനെ ചോദിച്ചതിനൊന്നും സമാധാനമില്ലാതായപ്പോൾ ഞാൻ ഒന്നുരണ്ടു കുസൃതിച്ചോദ്യം ചോദിച്ചു. അവരുടെ മുഖം വിടർന്നു. കണ്ണുകൾ തിളങ്ങി. കാലം മാറിയപ്പോൾ കുട്ടികൾ കഥയുള്ള കടങ്കഥയിൽനിന്ന് അതിന്റെ അവാന്തരവിഭാഗമായിവന്ന കുസൃതിച്ചോദ്യങ്ങളിലേക്കു വഴിതിരിഞ്ഞു.

അതുപോലെ, കുറച്ചു കൊല്ലങ്ങൾക്കുമുമ്പ് കണ്ണൂർ യൂണിവേഴ്സിറ്റിയുടെ മലയാളവിഭാഗത്തിൽ അതിഥി അധ്യാപകനായിരുന്ന കാലത്ത്, ഞാൻ താമസിക്കുന്നതിനു തൊട്ടടുത്തുള്ള കുടുംബത്തിലെ ഒരു കുഞ്ഞുമോളോട് ഒരു കടങ്കഥ പറയുമോ എന്നു ചോദിച്ചപ്പോൾ അവൾ പറഞ്ഞു: ഞാൻ സംസ്കൃതമാ പഠിക്കുന്നത്, എനിക്ക് കടങ്കഥ അറിയില്ല. ശരിക്കും അമ്പരന്നുപോയി. കടങ്കഥ പറയാത്ത, കേൾക്കാത്ത കുട്ടികളുണ്ടാവുമോ? അഞ്ചിലോ ആറിലോ പഠിക്കുന്ന കുഞ്ഞാണ്. ഒരുപക്ഷേ, അറിയാഞ്ഞിട്ടായിരിക്കില്ല, കടങ്കഥ മലയാളത്തിൽമാത്രമുള്ള ഒരു പ്രതിഭാസമാണ്, അതൊരു മാന്യത കുറഞ്ഞ ഒന്നാണ് എന്ന ബോധംകൊണ്ടുമാവാം, അവൾ കടങ്കഥയെ കൈയൊഴിഞ്ഞത്.

വാസ്തവത്തിൽ, വാക്കുകൾ കൊണ്ടുള്ള ഈ നാടോടിക്കളി ഒരു കാലത്ത് കുട്ടിക്കൂട്ടങ്ങളുടെ ഹരമായിരുന്നു. വീട്ടിലും വിദ്യാലയത്തിലുംവച്ച് ഒഴിവുവേളകളെ ഉന്മേഷഭരിതമാക്കിയ നാട്ടുവാങ്മയങ്ങളാണ് കടങ്കഥകൾ. ഏതു ഭാഷയിലും ഏതു സംസ്കാരത്തിലും പാരമ്പര്യത്തിന്റെ ഈടുവയ്പുകളായി കടങ്കഥകൾ നിലനിൽക്കുന്നുണ്ട്.

രണ്ടുപേർ ചേർന്നോ, രണ്ടു വിഭാഗങ്ങളായിനിന്നോ കടങ്കഥ കളിക്കാം. ഉത്തരം പറയേണ്ടവർ തോൽക്കുമ്പോൾ കടത്തിലാവുന്നതുകൊണ്ടായിരിക്കാം കടങ്കഥ എന്ന പേരുവന്നത്. മുള ഉത്തരമായി വരുന്ന ഒരു കടങ്കഥ ഇങ്ങനെയാണ്: നീണ്ടുനീണ്ടു പോകുന്ന രാജാവേ, നിന്നുനിന്നു കടം പറയാതെ. പ്രഹേളിക, സമസ്യ, പിടികിട്ടാത്ത അവസ്ഥ തുടങ്ങിയവയെ സൂചിപ്പിക്കാനാണ് സാഹിത്യത്തിൽ ഈ പദം ഉപയോഗിക്കുന്നത്. അംബികാസുതൻ മാങ്ങാടിന്റെ 'മരക്കാപ്പിലെ തെയ്യങ്ങൾ' എന്ന നോവലിലെ പ്രധാന കഥാപാത്രമായ ഉമ്പിച്ചി, തന്റെ ജീവിതം ഒരു കടങ്കഥയാണെന്നു പറയുന്നുണ്ട്.

നാടോടിക്കടങ്കഥ പലതരത്തിലുണ്ട്. വാചകരൂപത്തിലുള്ളതാണ് ഏറെയും. ഉദാ: വെള്ളിക്കിണ്ണത്തിൽ ഞാവൽപഴം – കണ്ണ്. ദീർഘവാചകരൂപത്തിലുള്ള കടങ്കഥകളുമുണ്ട്. ഉദാ: അരിപ്പുള്ളിനായരും തേങ്ങാപ്പുള്ളിനായരും മുളപ്പുള്ളിനായരുടെ വീട്ടിൽ വിരുന്നുവന്നു, കോൽപ്പുള്ളിനായർ കുത്തിപ്പുറത്താക്കി – പുട്ടുചുടൽ. ചോദ്യരൂപത്തിലുള്ള കടങ്കഥകളും കൂട്ടത്തിലുണ്ട്. ഉദാ: മുള്ളുണ്ട് മുരിക്കല്ല, കയ്പുണ്ട് കാഞ്ഞിരമല്ല, മൂന്നക്ഷരമുള്ള ഞാനാര് – കയ്പയ്ക്ക. കഥാരൂപത്തിലുള്ള കടങ്കഥ സവിശേഷമാണ്. ഉദാ: രണ്ടച്ഛനും രണ്ടു മക്കളും മീൻ പിടിക്കാൻ പോയി, അവർക്കു മൂന്നു മീനിനെ കിട്ടി, വീട്ടിൽ കൊണ്ടുവന്നു മുറ്റത്തിട്ടപ്പോൾ മുത്തശ്ശി പറഞ്ഞു: നന്നായി, ഓരോരുത്തർക്കും ഓരോ മീനുണ്ടല്ലോ. അതുകേട്ട് തൊട്ടടുത്തിരിക്കുന്ന പൂച്ച അന്ധാളിച്ചു. പൂച്ചയ്ക്ക് കണക്ക് മനസ്സിലാക്കിക്കൊടുക്കുമോ? ഉത്തരം: മീൻ പിടിക്കാൻ പോയത് നാലു പേരല്ല മൂന്നു പേരാണ്. ബന്ധം മേലോട്ടു പറഞ്ഞാൽ അച്ഛൻ , അച്ഛാച്ഛൻ – രണ്ടച്ഛൻ , താഴോട്ടു പറഞ്ഞാൽ മകൻ, മകന്റെ മകൻ – രണ്ടു മക്കൾ. കടങ്കഥയുടെ ഉത്തരഭാഗം നോക്കിയാലും ഒറ്റവാക്കിലുള്ളത്, വാചകരൂപത്തിലുള്ളത് എന്നിങ്ങനെ വൈവിധ്യം കാണാം.

വേറൊരു തരം കടങ്കഥയും നിലവിലുണ്ട്. പരസ്പരബന്ധമില്ലാത്ത മൂന്നോ നാലോ വാക്കുകൾ ഒരാൾ പറയും. ഉത്തരം പറയേണ്ടയാൾ അതുപയോഗിച്ച് അർഥപൂർണ്ണമായ വാക്യം ഉണ്ടാക്കുന്ന ഭാഷാകേളിയാണിത്. ഉത്തരകേരളത്തിലെ മറത്തുകളിയിൽ രണ്ടു പണിക്കൻമാർ തമ്മിലുള്ള വാദപ്രതിവാദത്തിനിടയിൽ കടങ്കഥയും പ്രയോഗിക്കുന്നുണ്ട്. പല ദേശങ്ങളിൽ പലതരം അനുഷ്ഠാനത്തിന്റെ ഭാഗമായി കടങ്കഥ ഉപയോഗപ്പെടുത്തുന്നു.

**കുട്ടികൾ കടങ്കഥ കളിക്കുന്നതുകൊണ്ട് എന്താണു പ്രയോജനം?**

പ്രത്യേക രീതിയിലുള്ള യുക്തിചിന്തയിലേക്കു കുഞ്ഞുങ്ങളെ പ്രാപ്തമാക്കാൻ കടങ്കഥയ്ക്കു സാധ്യമാവുന്നുവെന്നത് പ്രധാനമാണ്. മാനസികശേഷിയിലേക്കു വളരെ സ്വാഭാവികമായി – കളിരീതിയിലൂടെ കുഞ്ഞുങ്ങൾ എത്തിച്ചേരാൻ ഈ വാമൊഴിവഴക്കവും ചെറുതല്ലാത്ത പങ്കുവഹിക്കുന്നു. ഏതൊരു കടങ്കഥയ്ക്കും മൂന്ന് അംശങ്ങൾ ഉണ്ട്. സൂചകം, സൂചിതം, നിഷേധം. ഉദാ: മുറ്റത്തെ ചെപ്പിന് അടപ്പില്ല എന്ന കടങ്കഥയിൽ ചോദ്യഭാഗത്തുള്ള മുറ്റത്തെ ചെപ്പാണ് സൂചകം. ഉത്തരമായ കിണറാണ് സൂചിതം. അടപ്പില്ല എന്ന നിഷേധമാണ് ഉത്തരത്തിലേക്കു നയിക്കുന്നത്. ചില കടങ്കഥയിൽ ഈ നിഷേധം വാക്കിലല്ലാതെ പരോക്ഷമായിട്ടായിരിക്കുമെന്നുമാത്രം. ചുറ്റുപാടിൽനിന്ന് കുട്ടി കണ്ടെത്തുന്ന വസ്തു/ വസ്തുതയെ (കിണർ) പ്രച്ഛന്നരൂപത്തിൽ, ആലങ്കാരികമായി അവതരിപ്പിക്കുകയാണ് ആദ്യം ചെയ്യുക. ചോദ്യമായി ലഭിക്കുന്ന സൂചകത്തിലൂടെ, നിഷേധത്തിന്റെ സഹായത്തോടെ തിരിച്ചു സഞ്ചരിക്കുകയാണ് ഉത്തരം കൊടുക്കുന്നയാൾ. ഇങ്ങനെ സൂക്ഷ്മമായും യുക്തിപരമായുമുള്ള നിരന്തരപ്രക്രിയയിലൂടെ കുട്ടികളുടെ ബുദ്ധിയെ പര്യാപ്തമാക്കാൻ കടങ്കഥയ്ക്കു കഴിയുന്നു.

കാവ്യാനുശീലനത്തിന്റെ ആദ്യപാഠങ്ങൾ കുട്ടികൾക്ക് അവരറിയാതെ ലഭിക്കുന്ന പ്രധാന ഉപാധികൂടിയാണ് കടങ്കഥ. നാട്ടുകവിതകളാണ് പല കടങ്കഥകളും. ഉദാ: ആടിയാടി നിന്നതും ഞാൻ, അഴകനെ പെറ്റതും ഞാൻ, അഴകനിതാ അറയിലും മുറിയിലും ഞാനിതാ ചേറ്റിലും ചെളിയിലും (നെല്ലും നെൽക്കതിരും) താളവും പ്രാസവുമുള്ള എത്രയെത്ര കടങ്കഥകളാണ് അനൗപചാരിക വിദ്യാഭ്യാസത്തിന്റെ ഭാഗമായി കുട്ടികളുടെ ഉള്ളിലേക്കു പ്രവേശിക്കുന്നത്. ഒരു കടങ്കഥ നോക്കൂ: ഞാൻ പെറ്റനാൾ /മീൻ പെറ്റപോലെ,/ വാലറ്റനാൾ /ഞാൻ പെറ്റപോലെ (തവളയും വാൽമാക്രിയും). ഭാവനയുടെയും സങ്കല്പത്തിന്റെയും ആകാശസഞ്ചാരം സാധ്യമാക്കിയ കടങ്കഥകൾക്ക് കൈയും കണക്കുമില്ല. ഉദാ: ആനകേറാമല, ആളുകേറാമല ആയിരം കാന്താരി പൂത്തിറങ്ങി. ഉത്തരം: നക്ഷത്രങ്ങൾ നിറഞ്ഞുനിൽക്കുന്ന ആകാശം.

പ്രകൃതിനിരീക്ഷണമാണ് കുട്ടികൾക്കു കടങ്കഥ നൽകുന്ന പ്രധാന ശേഷി. ചുറ്റുപാടുകളെക്കുറിച്ചു സൂക്ഷ്മമായി അറിയുന്നവർക്കേ ഈ വിനോദത്തിൽ തിളങ്ങിനിൽക്കാനാവുകയുള്ളൂ. മണ്ണിനുള്ളിൽപൊന്നമ്മ (മഞ്ഞൾ) കാട്ടിലൊരമ്മ പൊന്നണിഞ്ഞു നിൽക്കുന്നു (കണിക്കൊന്ന), കറുത്ത പാറയ്ക്ക് വെളുത്ത വേരോടി (ആനയും ആനക്കൊമ്പും) തുടങ്ങിയ കടങ്കഥകളെല്ലാം വളരെ ജൈവികമായി പ്രകൃതിബോധം പകരുന്നവയാണ്.

ഭാവനാശേഷിയും ഭാഷാശേഷിയും തീർത്തും സ്വാഭാവികമായി കുഞ്ഞുങ്ങൾക്കു ലഭിക്കാൻ ലാളിത്യവും സാരള്യവുമുള്ള കടങ്കഥകൾ ഉത്തമമാണ്. ദൃശ്യബോധവും നിരീക്ഷണപാടവവും അനുഭവജന്യമായ അറിവിന്റെ ആനുഭൂതികസൗഭാഗ്യവും കടങ്കഥകളിലൂടെ സ്വായത്തമാവുന്നു.

കാലം മാറുമ്പോൾ കഥമാത്രമല്ല കടങ്കഥയും മാറുന്നു. അന്താക്ഷരിയായും സിനിമാവേഡ് കളിയായും കുസൃതിച്ചോദ്യങ്ങളായും ബഹുരൂപിയായി കടങ്കഥ പരിണമിക്കുന്നു. ആശയത്തിൽ മാത്രമല്ല രൂപത്തിലും ഈ മാറ്റം ദൃശ്യമാണ്. തൊട്ടുകൂട്ടുന്ന സാധനം എന്ന കുസൃതിച്ചോദ്യം അച്ചാർ എന്നതിൽനിന്നു കാൽക്കുലേറ്റർ എന്ന ഉത്തരത്തിലേക്ക് എത്തിക്കുന്നു. സിനിമയെപ്പറ്റിയുള്ള പുതിയ കടങ്കഥ ഇപ്രകാരമാണ്: വെള്ളിവെളിച്ചത്തിൽ പിറന്നു, കാണുന്നതോ കൂരാക്കൂരിരുട്ടിൽ. ക്ലോക്കിനെപ്പറ്റിയുള്ള കടങ്കഥ ഇങ്ങനെ: നീണ്ട കാല് വേഗംവേഗം കൊച്ചു കാല് മെല്ലെമെല്ലെ. ഇതുപോലെ പുതിയ ലോകാനുഭവം പഴയ കടങ്കഥാമട്ടിൽ ആവിഷ്കരിച്ചതിൽനിന്നു വ്യത്യസ്തമാണ്, കുസൃതിച്ചോദ്യങ്ങൾ. തലയിൽ കാലുവച്ചു നടക്കുന്ന ജീവി (പേൻ) എന്നതിൽ തുടങ്ങി ആരും ഇഷ്ടപ്പെടാത്ത ദേശം (ഉപദേശം), വിശപ്പുള്ള രാജ്യം (ഹംഗറി) പെൺകുട്ടികൾക്ക് ഇഷ്ടപ്പെട്ട പൂ (ഷാംപൂ) എന്നിങ്ങനെ തീരെ ഉപരിപ്ലവമായ തലത്തിലേക്കു പോകുന്നുണ്ട്. അവയ്ക്കു ജനകീയമായ ചൂടും ചൂരും കുറവാണ്. പാരമ്പര്യത്തിൽ തേച്ചു തേച്ചുമിനുക്കിയതിന്റെ വിനിമയശേഷിയും അതിൽ കാണില്ല. കാലത്തിന്റെ വ്യത്യാസമാവാം. അപ്പോഴും താളാത്മകവും കാവ്യാത്മകവുമായ നാടോടിക്കടങ്കഥകൾ ചെറിയ ക്ലാസിലെ കുട്ടികളുടെ സാംസ്കാരികവും ബുദ്ധിപരവുമായ വളർച്ചയ്ക്ക് അനിവാര്യമാണെന്നു തിരിച്ചറിയേണ്ടതുണ്ട്.

■

കവിത

ഡോ. ചിത്ര കുര്യാക്കോസ്



## യുദ്ധങ്ങൾ

യുദ്ധങ്ങൾ അപശകുനങ്ങളാണ്
പ്രബലരായ സ്വാർഥന്മാർ
നിഷ്കളങ്കരുടെമേൽ
അടിച്ചേല്പിക്കുന്ന അനീതി.

മാതാപിതാക്കളെ നഷ്ടപ്പെട്ട്,
കുഞ്ഞുങ്ങളെ നഷ്ടപ്പെട്ട്
സഹോദരങ്ങൾ മരണപ്പെട്ട്-
സ്നേഹിതർ ചിന്നിച്ചിതറി
ദേഹമാസകലം മുറിവുകളുമായ്,
കരയുവാൻ പോലുമാകാതെ-
ഒറ്റപ്പെട്ടു പോകുന്ന ഭീകരത.

ഈ ഭുവനനശ്വരതയും
ജഡതയും യുദ്ധകുതുകികൾ
എന്നു മനസ്സിലാക്കും?


മതങ്ങളും മതങ്ങളിലെ ഈശ്വരന്മാരും
സമുദായങ്ങളും സമുദായസ്നേഹികളും
രാജ്യങ്ങളും രാജ്യാതിർത്തികളും
ദേശങ്ങളും ദേശസ്നേഹവും
ഒന്നും ഒന്നും ഇല്ലായിരുന്നെങ്കിൽ

വെട്ടിപ്പിടിച്ചത് വെണ്ണീറാവുകയും
വെട്ടിപ്പിടിച്ചവൻ മണ്ണിലലിയുകയും ചെയ്യുന്നു

കർമ്മമണ്ഡലങ്ങളെ തൃഷ്ണയിൽനിന്നകറ്റി,
ശാന്തമായി ഒഴുകാൻ
എന്നാണു മാനവനാവുക?

ലളിതവും സരളവുമായ ജീവിതത്തെ
എന്തിനിങ്ങനെ സങ്കീർണ്ണമാക്കുന്നു?

# സ്വപ്നസാക്ഷാത്കാരം



സി. എൽ. ജോസ്

മനുഷ്യൻ ആകാശത്തുമാത്രം കാണുന്ന ചന്ദ്രനെ, ഭൂമിക്കു പ്രകാശം ചൊരിഞ്ഞുകൊടുക്കുന്ന ചന്ദ്രനെ മനുഷ്യൻ അരികത്തുചെന്നു തൊട്ടു. അസാധ്യം, അസംഭവ്യം, അവിശ്വസനീയം എന്നേ ആർക്കും തോന്നൂ. എന്നാൽ, അതു സംഭവിച്ചു. അർപ്പിതമനസ്കരായ, അതിപ്രഗല്ഭരായ ഒരു പറ്റം ശാസ്ത്രജ്ഞന്മാരുടെ അനേകകാലത്തെ പരിശ്രമങ്ങൾക്കും നിരവധി പരാജയങ്ങൾക്കുംശേഷം അതു സംഭവിച്ചു.

1965 ജൂലായ് 20 ന് മനുഷ്യൻ ആദ്യമായി ചന്ദ്രനിൽ കാലുകുത്തി ചരിത്രം സൃഷ്ടിച്ചു. നമ്മുടെ ദൃഷ്ടിയിൽ അടുത്തുകാണുന്ന ചന്ദ്രനും നമ്മൾ വസിക്കുന്ന ഈ ഭൂമിയും തമ്മിലുള്ള അകലം നാലുലക്ഷത്തിലേറെ കിലോമീറ്ററാണ്. അത്രയും ദൂരം അതിശയകരമായി സഞ്ചരിച്ചാണ് മനുഷ്യൻ ചന്ദ്രനിൽ കാലുകുത്തിയത്. ഭൂമിയിൽനിന്നു നോക്കുമ്പോൾ ചെറുതായി കാണുന്ന ചന്ദ്രന്റെ വ്യാസം ഏകദേശം 3500 കിലോമീറ്ററാണ്. അങ്ങനെയുള്ള ചന്ദ്രഗോളത്തിലേക്കാണ് അതിസാഹസികമായി മനുഷ്യൻ സഞ്ചരിച്ചത്.

ഫ്ളോറിഡാ ഐലന്റിൽനിന്നു പുറപ്പെട്ട അമേരിക്കയുടെ അപ്പോളോ - 11 എന്ന ചാന്ദ്രപേടകത്തിൽ സഞ്ചരിച്ച യാത്രികർ മൂന്നുപേരായിരുന്നു. കമാൻഡർ നീൽ ആംസ്ട്രോങ്, ചാന്ദ്രവാഹനത്തിന്റെ പൈലറ്റ് എഡ്വിൻ ആൾഡ്രിൻ, മാതൃവാഹനം നിയന്ത്രിച്ച മൈക്കിൾ കോളിൻസ് എന്നിവർ.

ചന്ദ്രനുസമീപം ഭ്രമണപഥത്തിലെത്തിയ 'കൊളംബിയ' എന്ന മാതൃവാഹനത്തിൽനിന്നു ലൂണാർ മോഡ്യൂളിലേക്കു പ്രവേശിച്ചതു രണ്ടുപേരാണ്. കമാൻഡർ നീൽ ആംസ്ട്രോങ്ങും പൈലറ്റ് എഡ്വിൻ ആൾഡ്രിനും. ഉദ്വേഗഭരിതമായ നിർണായക നിമിഷങ്ങൾ. വാഹനം സാവധാനം താഴ്ന്ന് ചന്ദ്രോപരിതലത്തിലെത്തി. ഭൂമിയിലെ നിയന്ത്രിതകേന്ദ്രമായ 'നാസ'യിൽനിന്നുള്ള നിർദേശപ്രകാരം വാതിൽ തുറന്ന് ആദ്യം ആംസ്ട്രോങ് പുറത്തിറങ്ങി. ചുറ്റുപാടും നിരീക്ഷിച്ച് അപകടമില്ലെന്ന അടയാളം നൽകിയപ്പോൾ ആൾഡ്രിനും പുറത്തുവന്നു. അപ്പോഴേക്കും ഇരുപത്തിരണ്ടു മിനിറ്റ് കഴിഞ്ഞിരുന്നു.

അതിശയം കതിരിട്ട മിഴികളോടെ ആഹ്ലാദഭരിതരായി അവർ ചുറ്റും നോക്കി. കൈയിൽ കരുതിയിരുന്ന അമേരിക്കൻ പതാക ചന്ദ്രനിൽ സ്ഥാപിച്ചു. മനുഷ്യരാശിക്ക്, പ്രത്യേകിച്ച് അമേരിക്കൻജനതയ്ക്ക് രോമാഞ്ചം പകർന്ന അസുലഭനിമിഷങ്ങൾ! ശാസ്ത്രത്തിന്റെ ഔന്നത്യവും മനുഷ്യന്റെ മഹാവിജയവും ഒന്നിച്ചുചേർന്ന മഹോന്നതമുഹൂർത്തം!

ചന്ദ്രനിൽ കാലുകുത്തിയപ്പോൾ ആംസ്ട്രോങ് പറഞ്ഞ വാക്യങ്ങൾ റേഡിയോവഴി ലോകം മുഴുവനും പ്രക്ഷേപണം ചെയ്യപ്പെട്ടു:


"മനുഷ്യന് ഇതു ചെറിയൊരു കാൽവയ്പ്; മനുഷ്യവർഗ്ഗത്തിനിത് വലിയൊരു കുതിച്ചുചാട്ടം (This is one small step for a man, one giant leap for mankind) ഇതായിരുന്നു ആ വാക്കുകൾ.

ഇതോടൊപ്പം മറ്റൊന്നുകൂടി ഇവിടെ സൂചിപ്പിക്കട്ടെ. യാത്രികർ ചന്ദ്രനിൽ കാലുകുത്തിയ ദിവസം ടെക്സാസിലെ വെബ്സ്റ്ററിലെ പ്രിസ്ബിറ്റേറിയൻ പള്ളിയിൽ (എഡ്വിൻ ആൾഡ്രിൻ ഇതിലെ അംഗമാണ്) റവ. ഡീൻ വുഡ് റഫ് ദിവ്യശുശ്രൂഷാമധ്യേ ഉയർത്തിയ തിരുവോസ്തിയിൽ ചെറിയൊരു ഭാഗം കുറവുണ്ടായിരുന്നു. വിശ്വാസികളോടായി അദ്ദേഹം അതിന്റെ കാരണം വിശദീകരിച്ചു: "നമ്മുടെ ആൾഡ്രിൻ ഒരു കുഞ്ഞുപേടകത്തിലാക്കി അതു ചന്ദ്രനിലേക്കു കൊണ്ടുപോയിരിക്കയാണ്. നിങ്ങളെല്ലാവരും മനസ്സുരുകി പ്രാർഥിക്കുക." കൊച്ചുപേടകത്തിൽ കരുതിയ തിരുവോസ്തിയുടെ അല്പഭാഗം ചന്ദ്രനിൽവച്ച് ആൾഡ്രിൻ ഉൾക്കൊണ്ടു നിവൃതി നേടി. ഇതും ചരിത്രമായി മാറി.


ആദ്യമായി ചന്ദ്രനിൽ ഇറങ്ങുന്നതിനുള്ള ശ്രമങ്ങളുടെ ഭാഗമായി വിവിധ കാലങ്ങളിൽ, വിവിധഘട്ടങ്ങളിലായി നാലുലക്ഷത്തോളം പേരാണ് പണിയെടുത്തിരുന്നത്; ഒടുവിൽ ഇറങ്ങിയതോ രണ്ടുപേരും. മൈക്കിൾ കോളിൻസ് ചന്ദ്രിലെത്തിയെങ്കിലും ഇറങ്ങാനുള്ള നിർദേശമോ അതിനുള്ള ഭാഗ്യമോ ഉണ്ടായില്ല.




നീൽ ആംസ്ട്രോങ്



എഡ്വിൻ ആൽഡ്രിൻ



മൈക്കിൾ കോളിൻസ്



രണ്ടുപേർ ചന്ദ്രനിൽ ഇറങ്ങിയെങ്കിലും ചന്ദ്രന്റെ മണ്ണിൽ കാലുകുത്തുക എന്ന ലക്ഷ്യസാക്ഷാത്കാരത്തിൽ നീൽ ആംസ്ട്രോങ് ഒന്നാമനായി, എഡ്വിൻ ആൾഡ്രിൻ രണ്ടാമനും. രണ്ടാമനെന്ന ഈ ലേബൽ ആൾഡ്രിന്റെ മനസ്സിനു വലിയ ഭാരവും ഇച്ഛാഭംഗവുമുണ്ടാക്കിയെന്ന് ആയിടയ്ക്കു മാധ്യമങ്ങൾ പറഞ്ഞിരുന്നു.

ചാന്ദ്രയാത്രികരായ മൂന്നുപേർക്കും യു.എസ്. സർക്കാർ പ്രസിഡൻഷ്യൽ മെഡൽ ഓഫ് ഫ്രീഡം എന്ന ബഹുമതി നൽകി ആദരിച്ചു. തുടർന്നു ലഭിച്ച സ്വീകരണങ്ങളിലെല്ലാം തിളങ്ങിയത് ആംസ്ട്രോങ് ആയിരുന്നു. കൂടാതെ, ഈ വിജയദൗത്യത്തിന്റെ സ്മാരകമായി തപാൽ വകുപ്പ് നീൽ ആംസ്ട്രോങ്ങിന്റെ ചിത്രവും താഴെ ഫസ്റ്റ് മാൻ ഓൺ ദ മൂൺ എന്ന ലിഖിതവുമായി ഒരു സ്റ്റാമ്പ് പുറത്തിറക്കി. ഇതെല്ലാം, ആൾഡ്രിന്റെ മനോവിഷമത്തെ വർധിപ്പിച്ചു. ചന്ദ്രനിൽവച്ചു ഭക്തിയോടെ തിരുവോസ്തി ഉൾക്കൊണ്ട മാതൃകാവിശ്വാസിയിലെ ആധ്യാത്മികത അവിടെ ചോർന്നുപോയി. ലൗകികചിന്ത മനസ്സിലിരുന്നു തുടികൊട്ടി. ക്രമേണ, അദ്ദേഹം മൂകതയുടെയും ഏകാന്തതയുടെയും ലഹരിയുടെയും ലോകത്തിലേക്കു പിൻവാങ്ങിയെന്നാണു ജനസംസാരം.

അതേസമയം, പടിക്കൽവരെ എത്തിയിട്ടു വീട്ടിൽ കയറാതെ മടങ്ങേണ്ടിവന്ന ഒരു വ്യക്തിയുണ്ട്. അതു മാതൃവാഹനത്തിന്റെ പൈലറ്റായിരുന്ന മൈക്കിൾ കോളിൻസാണ്. സഹയാത്രികർ തിരിച്ചെത്തുന്നതുവരെ ഭ്രമണപഥത്തിൽ കറങ്ങുകയായിരുന്നു അദ്ദേഹം. ചന്ദ്രനിൽ കാലുകുത്താൻ കഴിയാത്തതിന്റെ എന്തെങ്കിലും നൈരാശ്യം കോളിൻസിന് ഉണ്ടായതായി അറിയില്ല. അപ്പോൾ എഡ്വിൻ ആൾഡ്രിന്റെ ഖേദം വ്യക്തിപരമായ മനപ്രയാസം എന്നു കരുതാനേ കഴിയൂ. അത് അമേരിക്കൻ സ്വപ്നത്തിലെ ഒരു കളങ്കമായി കാണാനാവില്ല. ഭൂമിയിൽനിന്നു നോക്കിയാൽ ചന്ദ്രനിലുമുണ്ടല്ലോ ഒരു കളങ്കം. അതുകൊണ്ടു ചന്ദ്രനെന്തെങ്കിലും കുറവുണ്ടോ?

പരസ്പരം വെല്ലുവിളിച്ചിട്ടില്ലെങ്കിലും ലോകശക്തികളായ അമേരിക്കയും സോവിയറ്റു യൂണിയനുമാണ് ബഹിരാകാശ രംഗത്തു പരീക്ഷണങ്ങൾ തുടരെത്തുടരെ നടത്തിയത്. ബഹിരാകാശസഞ്ചാരത്തിൽ ചരിത്രം സൃഷ്ടിച്ച രാജ്യമാണ് സോവിയറ്റു യൂണിയൻ. 1961 ഏപ്രിലിൽ ലോകത്ത് ആദ്യമായി സ്പെയ്സിലൂടെ പ്രദക്ഷിണം നടത്തിയതു യൂറിഗഗാറിൻ എന്ന റഷ്യക്കാരൻ യുവാവാണ്. പിന്നീട്, 1962 ലും 1963 ലും മറ്റു വ്യക്തികൾ ബഹിരാകാശയാത്രകൾ നടത്തി. 1963 ജൂണിൽ വാലന്റീന തെരഷ്കോവ എന്ന റഷ്യൻ വനിത ബഹിരാകാശസഞ്ചാരം നടത്തുകയും മറ്റു രംഗങ്ങളിലെന്നപോലെ ഈ രംഗത്തും തങ്ങൾ പുരുഷന്മാർക്കു തുല്യരാണെന്നു തെളിയിക്കുകയും ചെയ്തു. പിന്നെ ഒരു ദൗത്യത്തിൽ ഒരേ പേടകത്തിൽ മൂന്നുപേർ ഒന്നിച്ചുസഞ്ചരിച്ചു. 1965 ൽ വോഡ് ഖോസ് 2 ൽ രണ്ടുപേർ ബഹിരാകാശയാത്ര നടത്തി. ഇതിൽ ഒരാൾ പേടകത്തിൽനിന്നു പുറത്തിറങ്ങി പത്തുമിനിറ്റു നേരം വിഹായസ്സിന്റെ അനന്തശൂന്യതയിൽ നീന്തിക്കളിച്ചു. 1967 ൽ സോയൂസ് ഒന്നിൽ ബഹിരാകാശയാത്ര നടത്തിയ വ്ളാഡിമിർ കൊമാറോവ് പാരച്യൂട്ട് തക്കസമയത്തു പ്രവർത്തിക്കാഞ്ഞതിനാൽ അന്തരിച്ചു. പിന്നെയും പിന്നെയും ഏതാനും പരീക്ഷണങ്ങൾ സോവിയറ്റു യൂണിയൻ നടത്തിയെങ്കിലും ചന്ദ്രനിലേക്കുള്ള പ്രയാണം നടത്താൻ അവർക്കു കഴിഞ്ഞില്ല. ഇതിനകം അമേരിക്ക ചന്ദ്രനിൽ കാലുകുത്തുകയും ചെയ്തു. ■

---

നുറുങ്ങുചിന്ത ■ ഡോ. ജെ. കട്ടയ്ക്കൽ

## കർത്താവു കാത്തു!



നട്ടുച്ചയ്ക്ക് ഒരു കഷണ്ടിത്തലയൻ റോഡിൽക്കൂടി നടന്നുപോവുകയായിരുന്നു. വെയിലിൽനിന്നു മാറി അല്പം വിശ്രമിക്കുന്നതിന് ഒരു തെങ്ങിൻചുവട്ടിൽ കയറിയിരുന്നു. പെട്ടെന്നാണ് ഒരു ഉണക്കത്തേങ്ങ തലയുടെ കോണിൽ പതിച്ചു നിലത്തുവീണത്.

വൈകുന്നേരം വീട്ടിലെത്തിയ അയാൾ ഭാര്യയോടു പറഞ്ഞു: നോക്കെടീ പ്രിയേ, കർത്താവു കാത്തു! ഭാഗ്യത്തിന് തേങ്ങാ തലയുടെ നടുവിൽ പതിക്കാതെ, അരികിലൂടെ നിലത്തുവീണു.

പ്രാർഥന: ദൈവമേ, ആപത്തിൽ വീഴാതെ എന്നെയും കുടുംബാംഗങ്ങളെയും സംരക്ഷിക്കണമേ.

എന്റെ കാവൽമാലാഖയേ, എന്നെ എല്ലാ അപകടങ്ങളിലുംനിന്ന് എല്ലായ്പോഴും കാത്തുകൊള്ളണമേ.

പാപ്പച്ചൻ കടമക്കുടി

നോവൽ 3

# ചക്രവർത്തിനി

രാജസദസ്സ് സമ്മേളിക്കാൻ സമയമായിട്ടുണ്ട്. അയാൾ കൊട്ടാരത്തിന്റെ വലിയ വരാന്തയിലൂടെ നടന്നു.

അഞ്ചു നിമിഷത്തിനുള്ളിൽ രാജസദസ്സ് കൂടുവാനുള്ള മണി മുഴങ്ങി.

പിടയ്ക്കുന്ന ഹൃദയത്തോടെ അങ്ങോട്ടുനടന്നു. രാജകൊട്ടാരത്തിലെ വിചാരിപ്പുകേന്ദ്രത്തിലേക്കു നേരേയങ്ങു കയറിച്ചെല്ലാനാകില്ല. അവസരത്തിനായി കാത്തുനില്ക്കേണ്ടിവരും.

അങ്ങോട്ടു നടക്കുമ്പോൾ ഷണ്ഡന്മാർ എതിരേ വരുന്നത് മൊർദേക്കായി കണ്ടു. രണ്ടുകൂട്ടരും പരസ്പരം സൂക്ഷിച്ചു നോക്കി.

ചോദിക്കാതെതന്നെ മൊർദെക്കായി അവരോടു പറഞ്ഞു.

“പ്രധാന സചിവൻ എന്നെയും വിളിപ്പിച്ചിട്ടുണ്ട്.”

ഷണ്ഡന്മാർ തലയാട്ടി ചിരിച്ച കന്നുപോയി.

മൊർദെക്കായി രാജദർബാറിന്റെ വാതില്ക്കലെത്തി. രാജസദസ്സ് ആരംഭിക്കുകയാണ്. ഉയർന്ന പീഠത്തിൽവച്ച സുവർണസിംഹാസനത്തിനടുത്തേക്ക് രാജാവ് നടന്നടുക്കുന്നു. സദസ്യരെല്ലാവരും ബഹുമാനപുരസ്സരം എഴുന്നേറ്റുനില്ക്കുന്നു.

രാജാവ് സിംഹാസനത്തിൽ ഇരുന്നു. മറ്റുള്ളവരും ഇരുന്നുകൊള്ളാൻ രാജാവ് ആംഗ്യംകാണിച്ചു. തലകുനിച്ച് ആചാരം പ്രകടിപ്പിച്ച ശേഷം എല്ലാവരും സ്വസ്ഥാനങ്ങളിൽ ഇരിപ്പുറപ്പിച്ചു.

രാജ്യഭരണസംബന്ധമായ കാര്യങ്ങളാണ് ആദ്യം ചർച്ച ചെയ്യപ്പെട്ടത്. പ്രധാനസചിവനും മന്ത്രിമാരും സൈന്യാധിപനും മറ്റു പ്രമുഖപ്രഭുക്കന്മാരുമെല്ലാം സജീവമായി ചർച്ചകളിൽ പങ്കുചേർന്നു.

പരാതിക്കാരുടെ ഊഴം വന്നപ്പോൾ മൊർദെക്കായി വാതിലിന്റെ മറവിൽനിന്നും മുഖം കാണിച്ചു. രാജാവ് തന്റെ സ്വർണച്ചെങ്കോൽ അയാളുടെ നേരേ നീട്ടി.

മൊർദെക്കായി രാജസദസ്സിലേക്കു കടന്നു. മഹാരാജാവിനെ താണുവണങ്ങി. അയാൾ പതുക്കെ പരാതിക്കാർ വന്നുനില്ക്കാറുള്ള സ്ഥലത്തുവന്നുനിന്നു വീണ്ടും കുമ്പിട്ടു നമസ്കരിച്ചു.

“മഹാരാജാവ് നീണാൾ വാഴട്ടെ. അടിയനു തിരുമുമ്പിൽ ഒരു കാര്യം ഉണർത്തിക്കാനുണ്ട്. അതീവ രഹസ്യമാണ്.”

അയാൾ ഉദ്വേഗത്തോടെ വിവരിച്ചു.

“എന്താണത് വേഗം പറയൂ.”

രാജാവ് കല്പിച്ചു.

എന്നാൽ, അയാൾ മടിച്ചുമടിച്ച് ചുറ്റിലും നോക്കി. മഹാരാജാവിനു കാര്യം മനസ്സിലായി. കുറച്ചുനേരത്തേക്ക് പ്രധാന സചിവൻ ഒഴിച്ചുള്ള എല്ലാ പ്രമുഖരെയും രാജാവ് സദസ്സിൽനിന്ന് ഒഴിവാക്കി.

“ഇനി പറയൂ.”

രാജശബ്ദം മുഴങ്ങി.

“അടിയൻ.”

മൊർദെക്കായി വിക്കി.

“തിരുമനസ്സിനെ വധിക്കാൻ രണ്ടുപേർ രഹസ്യമായി ആലോചിക്കുന്നത് അടിയനറിഞ്ഞു.”

മഹാരാജാവ് പെട്ടെന്ന് ഞെട്ടിപ്പോയി.

പക്ഷേ, അതു പറഞ്ഞുതീരും മുമ്പുതന്നെ വാളും ഉയർത്തിപ്പിടിച്ചുകൊണ്ട് കോപാക്രാന്തനായി ഹാമാൻ പാഞ്ഞടുത്തു.

“എന്തു പറഞ്ഞെടാ രാജദ്രോഹീ!”

എന്നാൽ, സംയമനം വീണ്ടെടുത്ത ചക്രവർത്തി ഹാമാനെ തടഞ്ഞു.

“ഹാമാൻ, താനെന്തിനാണ് ഇയാളോടു കലഹിക്കുന്നത്?”

പ്രധാന സചിവൻ പെട്ടെന്നു നിന്നു.

“കേൾക്കാൻ പാടില്ലാത്തതു കേട്ടപ്പോൾ പരിസരം മറന്നുപോയി മഹാരാജൻ.”

“അയാൾ പറയട്ടെ.”

മഹാരാജാവ് കല്പിച്ചു, ഹാമാൻ അയാളുടെ ഇരിപ്പിടത്തിലേക്കു മടങ്ങിപ്പോയി.

“സത്യം വെളിപ്പെടുത്തുമ്പോൾ അടിയനെ കുറ്റപ്പെടുത്തരുത് തിരുമനസ്സേ. കൊട്ടാരം ജോലിക്കാരായ രണ്ടുപേരാണു പ്രതികൾ.”



നിശ്ശബ്ദത തളംകെട്ടി. രാജാവും മന്ത്രിയും സ്തബ്ധരായിപ്പോയി. പക്ഷേ, ഹാമാൻ ഹൃദയത്തിൽ പരിഭ്രമിക്കുന്നുണ്ടെന്ന് അയാളുടെ മട്ടും മാതിരിയും കണ്ടാൽ ബോധ്യപ്പെടും.

“നമ്മെ വധിക്കാൻ കോപ്പുകൂട്ടിയ നീചന്മാർ ആരാണ്? നാമതറിയട്ടെ.”

രാജകോപം മുഴങ്ങി.

“ധൈര്യത്തോടെ ഉണർത്തിച്ചോളൂ, നിന്നെ ആരും ഒന്നും ചെയ്യില്ല. ഇത് അഹസ്വേരുസ് ചക്രവർത്തിയുടെ വാക്കാണ്.”

മൊർദെക്കായി വളരെ പതിഞ്ഞ സ്വരത്തിൽ വെളിപ്പെടുത്തുവാൻ തുടങ്ങി.

“കൊട്ടാരവാതിൽ കാവൽക്കാരായ ബിഗ്താനും തേരെഷുമാണവർ.”

ഇതു കേട്ടതേ രാജകോപം ഇരമ്പിയാർത്തു.

“ആരവിടെ?”

വളരെ വേഗത്തിൽ രണ്ടു ഷണ്ഡന്മാരും തിരുമുമ്പിൽ ഹാജരാക്കപ്പെട്ടു പട്ടാളക്കാർ അവരുടെ കൈകൾ പുറകോട്ടുവലിച്ചു കെട്ടിയിട്ടുണ്ട്. ദർബാറിൽ പ്രവേശിച്ചതോടെ കാര്യമെല്ലാം അവർക്കു വ്യക്തമായി. അവർ ക്രൂരമായി മൊർദെക്കായിയെ നോക്കി.

ഷണ്ഡന്മാർ സദസ്സിലേക്കു പ്രവേശിച്ച ഉടൻ കാറ്റിന്റെ വേഗത്തിലാണ് ഹാമാൻ അവരുടെ മുന്നിലെത്തിയത്.

അയാൾ അരയിൽനിന്നു വാൾ വലിച്ചൂരിക്കൊണ്ട് ആക്രോശിച്ചു:

“മൊർദെക്കായി പറഞ്ഞത് സത്യമാണോടാ?”

“സത്യമെങ്കിൽ നിന്റെയൊക്കെ കുടുംബം കുളംതോണ്ടും, ഓർത്തോളൂ.”

അതൊരു മുന്നറിയിപ്പാണെന്ന് ഷണ്ഡന്മാർക്കു വ്യക്തമായി. ഹാമാൻ എന്ന പ്രധാനസചിവന്റെ പേര് അറിയാതെയെങ്ങാൻ നാവിൽനിന്നു വീണുപോയാൽ അവർ മാത്രമല്ല വീടും വീട്ടുകാരും കുഞ്ഞുങ്ങളും എല്ലാം കൊലചെയ്യപ്പെടും എന്ന മുന്നറിയിപ്പ്.

ഷണ്ഡന്മാർ രണ്ടുപേരും ഒരക്ഷരം ഉരിയാടാതെ തലകുനിച്ചു നിന്നു. രാജാവിന്റെ വിസ്താരക്കോടതി അവരുടെ ഗൂഢാലോചന ശരിവച്ചു. രാജവധത്തിനു രഹസ്യപദ്ധതി ആസൂത്രണം ചെയ്ത അവരെ രണ്ടുപേരെയും പരസ്യമായി തൂക്കിലേറ്റാൻ വിധിച്ചു.

ഹാമാന്റെ ഉള്ളിലെ തീയണഞ്ഞു.

അഹസ്വേരുസ് ചക്രവർത്തി മൊർദേക്കായിക്ക് പണക്കിഴി സമ്മാനമായി നല്കി.

“നീ ഇനി മുതൽ കൊട്ടാരത്തിനുള്ളിൽ സേവനം ചെയ്യുക.”

മഹാരാജാവ് കല്പിച്ചു.

അങ്ങനെ പുറംപണിക്കാരനായിരുന്ന മൊർദെക്കായി അന്നുമുതൽ പേർഷ്യാമഹാരാജാവിന്റെ അന്തഃപുരവിചാരിപ്പുകാരനായി ഉദ്യോഗക്കയറ്റത്തോടെ നിയമിതനായി. എങ്കിലും വധശ്രമവാർത്തയിൽ ആകെ അസ്വസ്ഥനായിത്തീർന്ന മഹാരാജാവ് അന്നു നടന്നവമുഴുവൻ വിശദമായി ദിനവൃത്താന്തപുസ്തകത്തിൽ രേഖപ്പെടുത്തിവയ്ക്കാൻ എഴുത്തുകാരോടു നിർദേശിച്ചിട്ട് സിംഹാസനത്തിൽനിന്ന് എഴുന്നേറ്റു.

*****

അനേകദിവസങ്ങൾ അത്രമാത്രം സൂക്ഷ്മതയോടെ ആസൂത്രണം ചെയ്ത പദ്ധതിയാണ് ഒരു യഹൂദൻ തകർത്തുകളഞ്ഞത്. പടിവാതിൽക്കൽ കുടമുടച്ചതുപോലെ, അവസാനദിവസം പദ്ധതി അരങ്ങേറുന്നതിന് മണിക്കൂറുകൾക്കു മുമ്പ്.

ആ ഷണ്ഡന്മാരെ ലഭിച്ചതുതന്നെ ഭാഗ്യമായിരുന്നു. എത്രയോ പ്രലോഭനങ്ങളുടെ ആപ്പിൾക്കുട്ടകളാണ് അവർക്കുനേരേ നീട്ടിയത്. എല്ലാം വളരെ കൃത്യമായി നടന്നതുമാണ്. പക്ഷേ, ആഗ്രഹങ്ങളെല്ലാം തകർന്നുതരിപ്പണമായി. എങ്കിലും ഒരാശ്വാസം, തന്റെ പേര് എങ്ങും ഉയർന്നില്ല. അവസാന സമയത്തെ ഭീഷണി കുറിക്കുകൊണ്ടു. മണ്ടന്മാർ ചത്തുപോയെങ്കിലെന്ത്?

സ്വന്തം സ്ഥാനത്തിന് ഒരിളക്കവും വന്നിട്ടില്ലല്ലോ.

ഇനിയുമുണ്ട് ധാരാളം അവസരങ്ങൾ. കാത്തിരിക്കുക തന്നെ. എങ്കിലും ഹാമാനെ ചൊടിപ്പിച്ചത് മറ്റൊരു കാര്യമാണ്. കൊട്ടാരമുറ്റത്ത് അല്ലറചില്ലറപ്പണികളുമായി ചുറ്റിപ്പറ്റി നടന്നിരുന്ന പ്രവാസിയായ ആ യുദ്ധത്തടവുകാരൻ യഹൂദൻ.

പദ്ധതി നടക്കാതെ പോയതിനേക്കാൾ അലോസരപ്പെടുത്തുന്നത് അതിന്റെ ഗുണഫലം അയാൾക്കു ലഭിച്ചു എന്നതാണ്.

രഹസ്യങ്ങൾ ഇപ്പോൾ പുകമറയിലാണ്. അനുകൂലമായ കാറ്റ് വീശുമ്പോൾ മഞ്ഞുമാറി മലകൾ പ്രത്യക്ഷമാവുംപോലെ രഹസ്യങ്ങളും പുറത്തുവന്നേക്കാം, ഇപ്പോഴും അതുതന്നെയാണ് സംഭവിച്ചിരിക്കുന്നത്.

രാജസന്നിധിയിൽ തന്റെ പേര് വെളിപ്പെട്ടിട്ടില്ല എങ്കിലും, അഥവാ അയാൾ വെളിപ്പെടുത്തിയിട്ടില്ല എങ്കിലും തന്നെക്കുറിച്ച് അയാൾക്കെല്ലാം അറിയാമായിരിക്കണം.

ഇത് മനഃപൂർവ്വമായ മൗനമാണ്.

അവസരം കാത്തിരിക്കുന്ന കാളസർപ്പമാണയാൾ. യഹൂദനാണ്! പൂച്ച എങ്ങനെ വന്നുവീണാലും നാലുകാലിലേ നിൽക്കൂ. അതുപോലെയാണ് യഹൂദന്മാർ എന്നാണ് ജനസംസാരം.

ഈ ജാതിയെ വെച്ചുപൊറുപ്പിക്കാൻ പാടില്ല - പേർഷ്യൻ ജനതകൾക്കിടയിൽ കടന്നുകൂടിയ ഇത്തിൾക്കണ്ണികളാണിവർ,

വിശ്വാസവും ദൈവവും വേറെ.

നിയമസംഹിതയും ആചാരങ്ങളും വേറേ.

പൊതുനിയമങ്ങൾ ഇവർക്കു ബാധകമല്ല.

മഹാരാജാവ് ഒന്നും ശ്രദ്ധിക്കുന്നില്ല.

ജീവൻ രക്ഷിച്ചവൻ എന്ന പരിഗണന നല്കിയിരിക്കുകയാണ്.

രഹസ്യങ്ങൾ പൂഴ്ത്തിവച്ചിരിക്കുന്ന അഗ്നിപർവതമാണ്. എപ്പോൾ വേണമെങ്കിലും പൊട്ടിത്തെറിക്കാം. സർവ്വനാശത്തിന്റെ അഗ്നിലാവയുടെ ഭീകരമായ ഒഴുക്കിൽ കാത്തുവച്ചവ പൂർണ്ണമായി കത്തിയമരാം.

ആജീവനാന്തം തനിക്കു ഭീഷണിയാണ് ഈ പ്രവാസി. ഇപ്പോൾ രാജാവിന്റെ പ്രീതിയുടെ കുടക്കീഴിൽ സംരക്ഷണയിലാണ്.

തുച്ഛനായ ഈ പുഴുവിനെ താനെന്തിനു പേടിക്കണം? പേർഷ്യാസാമ്രാജ്യത്തിലെ മഹാസചിവനായ ഹാമാൻ ഈ കീടത്തെ ഭയപ്പെടുകയോ?

എങ്ങനെയെങ്കിലും ഈ തടസ്സം മുഴുവനായും തോണ്ടിയെറിഞ്ഞേ മതിയാവൂ.

ഒരിക്കലൊരു ദിവസം രാജസന്നിധിയിലേക്ക് മൊർദ്ദേക്കായി വിളിക്കപ്പെട്ടു.

*(തുടരും)*

ശ്രേഷ്ഠമലയാളം



ഡോ. ഡേവിസ് സേവ്യർ

# മണിപ്രവാളം

ആര്യാധിനിവേശത്തിന്റെ സദ്ഫലങ്ങളിൽ ഒന്നാണ് മണിപ്രവാളം. പാട്ടുപ്രസ്ഥാനത്തിനു സമാന്തരമായാണ് മണിപ്രവാളവും വളർന്നുവന്നത്. "ഭാഷാ സംസ്കൃതയോഗോ മണിപ്രവാളം'' (സൂത്രം1)* എന്നു ലീലാതിലകകാരൻ ലക്ഷണം ചെയ്തു. ഭാഷയുടെയും സംസ്കൃതത്തിന്റെയും യോഗം മണിപ്രവാളമാകുന്നു. ലക്ഷണസൂത്രത്തിലെ ഭാഷയ്ക്കു കേരളഭാഷ (ഇന്നത്തെ മലയാളം) എന്നർഥം. അതാകട്ടെ, ഉത്കൃഷ്ടം, അപകൃഷ്ടം എന്നിങ്ങനെ രണ്ടുവിധമുണ്ട്. ത്രൈവർണികരുടെ ഭാഷ ഉത്കൃഷ്ടവും ത്രൈവർണികേതരരുടെ ഭാഷ അപകൃഷ്ടവുമാണ്. മണിപ്രവാളത്തിലെ ഭാഷ ഉത്കൃഷ്ടമായിരിക്കണം. സംസ്കൃതപ്രത്യയാന്തപദങ്ങളെയാണ് സംസ്കൃതം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. അവയും രണ്ടു വിധമുണ്ട്. സംസ്കൃതപ്രകൃതികളിൽ സംസ്കൃതപ്രത്യയം ചേർത്തുണ്ടാക്കുന്ന ശുദ്ധസംസ്കൃതവും (ആകർണ്യതാം - കേൾക്കപ്പെട്ടാലും) ഭാഷാപ്രകൃതികളിൽ സംസ്കൃതപ്രത്യയം ചേർത്തുണ്ടാക്കുന്ന സംസ്കൃതഭാഷയും (അർപ്പയതി - അർപ്പിക്കുന്നു). ഈ രണ്ടു രീതിയിലുള്ള പദങ്ങൾ മണിപ്രവാളത്തിൽ പ്രയോഗിക്കാം.

സഹൃദയരുടെ ഹൃദയത്തെ വശീകരിക്കത്തക്കവിധമുള്ള സന്നാഹ(ചേർച്ച)മാണ് യോഗം. രസം, ഗുണം, അലങ്കാരം, ദോഷാഭാവം എന്നീ യോഗ്യതകളുടെ അനിവാര്യതയാണത്. പദ്യമാണെങ്കിൽ വൃത്തവ്യവസ്ഥയും വേണമെന്നുണ്ട്. മണിക്ക് ചെമന്ന മാണികമെന്നും പ്രവാളത്തിനു പവിഴമെന്നും അർഥം (മുത്തും പവിഴവും). മണി ഭാഷയെയും പ്രവാളം സംസ്കൃതത്തെയും അധ്യവസാനം ചെയ്യുന്നു. ഈ ചെമന്ന മുത്തുകളെ കോർക്കുന്ന നൂലും ചെമന്നതായിരിക്കണം. മുത്തും പവിഴവും ചെന്നൂലിൽ കോർത്തുകെട്ടുമ്പോൾ, മാല അഭംഗുരഭംഗിയിൽ തിളങ്ങും. അതുപോലെ കേരളഭാഷയും സംസ്കൃതവും കലർന്നുണ്ടാകുന്ന മിശ്രഭാഷയാണ് ലീലാതിലകകാരനെ സംബന്ധിച്ചിടത്തോളം ലക്ഷണയുക്തമായ മണിപ്രവാളം.

''തമിഴ്മണി സംസ്കൃതപവിഴം/ കോർക്കിന്റേൻ വൃത്തമാന ചെന്നൂന്മേൽ'' (തമിഴാകുന്ന-കേരളഭാഷ-മണിയും സംസ്കൃതമാകുന്ന പവിഴവും വൃത്തമാകുന്ന ചെന്നൂലിൻമേൽ കോർക്കുന്നു) എന്ന 'യോഗപഞ്ചശതക'മെന്ന ഒരു വൈദ്യശാസ്ത്ര ഗ്രന്ഥത്തിൽ ഉള്ള നിർവചനം അംഗീകരിച്ചുകൊണ്ടാണ് ആചാര്യൻ ഇപ്രകാരം നിരീക്ഷിച്ചത്. അന്നു നിലവിലിരുന്ന മറ്റു മണിപ്രവാളലക്ഷണങ്ങളെല്ലാം ലീലാതിലകകാരൻ തള്ളിക്കളയുകയും ചെയ്തു. ഭാഷ, രസം എന്നിവയുടെ പ്രാധാന്യം ആധാരമാക്കി ആചാര്യൻ മണിപ്രവാളരൂപങ്ങളെ ഒമ്പതായി വിഭജിച്ച് ഉദാഹരണങ്ങളും നൽകി.** എ.ഡി. 12 മുതൽ 15 വരെയുള്ള നൂറ്റാണ്ടുകളാണ് മണിപ്രവാളകവിതകളുടെ സുവർണകാലഘട്ടം. കേരളഭാഷയെ സംസ്കൃതവുമായി കൂട്ടിക്കലർത്തി മലയാളഭാഷയുടെ പിറവിക്കു പശ്ചാത്തലമൊരുക്കാൻ മണിപ്രവാളപ്രസ്ഥാനത്തിനു കഴിഞ്ഞുവെന്നതത്രേ ചരിത്രനേട്ടം.

* ഗോപിക്കുട്ടൻ, ലീലാതിലകം (വ്യാഖ്യാനം),കറന്റ് ബുക്സ്, കോട്ടയം, 1996,പുറം-19, 21, 24.

**ഗോപിനാഥപിള്ള, വട്ടപ്പറമ്പിൽ, ഭാഷാദർപ്പണം (ഭാഷാ പരിണാമത്തിൽ കണ്ണശ്ശന്മാർ), ഗോകുലം പബ്ലിക്കേഷൻ, തിരുവനന്തപുരം, 2003, പുറം-37. ■

# ഏകാധിപതികളാകരുത് ഗവർണർമാർ

(1-ാം പേജ് തുടർച്ച)

ബില്ലുകൾ തീർപ്പാക്കുന്നതിൽ ഗവർണറുടെ കാലതാമസത്തിനെതിരേ പഞ്ചാബ് സർക്കാരിന്റെ സമാനമായ ഹർജി പരിഗണിക്കവേ, സംസ്ഥാനത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട സർക്കാർ വിളിച്ചുചേർത്ത നിയമസഭാസമ്മേളനത്തിന്റെ സാധുത ചോദ്യം ചെയ്യാൻ ഗവർണർമാർക്ക് ഭരണഘടനാപരമായ അധികാരമില്ലെന്ന് നവംബർ 10 ന് സുപ്രീം കോടതി വിധിച്ചിരുന്നു. നാലു ബില്ലുകൾ തീർപ്പാക്കാത്തതിന് പഞ്ചാബ് ഗവർണർ ബൻവാരിലാൽ പുരോഹിതിനെ കോടതി വിമർശിച്ചു. രാജ്ഭവന്റെയും സംസ്ഥാനസർക്കാരിന്റെയും പെരുമാറ്റത്തിൽ അന്നു കോടതി അതൃപ്തി രേഖപ്പെടുത്തി.

**ഭരണഘടന സംരക്ഷിക്കപ്പെടണം**

പാർലമെന്ററി ജനാധിപത്യത്തിൽ, യഥാർഥ അധികാരം തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്കാണെന്ന് സുപ്രീം കോടതി അടിവരയിട്ടു പറഞ്ഞിട്ടുണ്ട്. രാഷ്ട്രപതിയാൽ നിയമിതനാകുന്ന ഗവർണർ, സംസ്ഥാനത്തിന്റെ നാമമാത്ര തലവൻമാത്രമാണെന്നും പരമോന്നതകോടതി വ്യക്തമാക്കി. പഞ്ചാബിൽ നിയമസഭയെ സസ്പെൻഡഡ് ആനിമേഷനിൽ നിർത്തിയ നടപടി ഭരണഘടനയെ പരാജയപ്പെടുത്തുന്നതിനു തുല്യമാണെന്നു ചൂണ്ടിക്കാട്ടി സംസ്ഥാന സർക്കാരിനെയും വിമർശിച്ചു.

ഭരണഘടനാപരമായി ജനാധിപത്യസംവിധാനം പ്രവർത്തിക്കുകയെന്നതാണു പ്രധാനം. അതിനു മുഖ്യമന്ത്രിമാരുമായി യോജിച്ചു പ്രവർത്തിക്കാനായിരിക്കണം ഗവർണർമാർ ശ്രദ്ധിക്കേണ്ടത്. തിരിച്ച് ഗവർണർമാരെ വിശ്വാസത്തിലെടുക്കാൻ മുഖ്യമന്ത്രിമാരും തയാറാകണം. നിയമസഭ പാസാക്കിയ ബില്ലുകൾ പരിഗണിക്കാനും അംഗീകരിക്കാനും അനാവശ്യകാലതാമസം വരുത്തുന്നത് അംഗീകരിക്കാനാകില്ല.

ജനാധിപത്യസർക്കാരിന്റെ ദൈംദിനഭരണത്തെ തടസ്സപ്പെടുത്താൻ ഗവർണർമാരെ ദുരുപയോഗിക്കുന്ന കേന്ദ്രസർക്കാരുകളുടെ കപടരാഷ്ട്രീയമാണു സുപ്രീംകോടതിയുടെ ഉത്തരവിലൂടെ വെളിപ്പെടുത്തുന്നത്. ഭരണഘടനാപദവികളിൽ ഇരിക്കുന്നവർ കേന്ദ്രം ഭരിക്കുന്നവരുടെ രാഷ്ട്രീയതാത്പര്യത്തിനു തുള്ളുന്ന പാവകളാകരുത്. രാഷ്ട്രതന്ത്രജ്ഞരായി പ്രവർത്തിക്കേണ്ട ഗവർണർമാർ രാഷ്ട്രീയ എതിരാളിയെപ്പോലെ പ്രവർത്തിക്കുന്ന സ്ഥിതി പാടില്ല. ഭരണഘടനയും ജനാധിപത്യവും സംരക്ഷിക്കാൻപോന്ന കോടതികളുടെ ഇടപെടലുകൾ രാജ്യത്തിനാകെ പ്രത്യാശയേകും. ■

# കൊളോണിയൽ അപചയങ്ങളുടെ സൂക്ഷ്മമാപിനി

(13-ാം പേജ് തുടർച്ച)

സ്പിവാക് ഊന്നിപ്പറയുന്നതുപോലെ, രൺജിത് ഗുഹയെപ്പോലുള്ള സബാൾട്ടേൺ സ്റ്റഡീസ് ചരിത്രകാരന്മാർക്ക്, ദേശീയസ്വാതന്ത്ര്യപ്രസ്ഥാനം ആത്യന്തികമായി ഇന്ത്യയിൽ നിലവിലുള്ള വർഗഘടനയെ സംരക്ഷിച്ചു എന്ന നിലപാടാണുള്ളത്. ഒരു ചെറിയ കൂട്ടം വിദ്യാസമ്പന്നരും മധ്യവർഗപുരുഷന്മാരും രാഷ്ട്രീയവും സാമ്പത്തികവുമായ അധികാരം കൈവശംവച്ചിരിക്കുകയാണ്. കൂടാതെ, ദേശീയസ്വാതന്ത്ര്യത്തിന്റെ ആനുകൂല്യങ്ങളിലേക്കു കാര്യമായ പ്രവേശനം ഇല്ലാത്തവരായി ഗ്രാമങ്ങളിൽനിന്നുള്ള കർഷകത്തൊഴിലാളികളുൾപ്പടെ ഒരു വലിയ ദരിദ്രജനവിഭാഗം ഉണ്ട്. സബാൾട്ടേൺ സ്റ്റഡീസ് ചരിത്രകാരന്മാരുടെ ഈ ആശയങ്ങൾ സ്പിവാക് കൂടുതൽ വികസിപ്പിച്ചെടുത്തു. 'മൂന്നാം ലോകത്തിലെ' പല സ്ത്രീകളുടെയും ദൈനംദിന ജീവിതം വളരെ സങ്കീർണവും വ്യവസ്ഥാപിതമല്ലാത്തതുമാണെന്ന് സ്പിവാക് വാദിച്ചു, പാശ്ചാത്യ വിമർശനസിദ്ധാന്തത്തിന്റെ പദാവലികളാൽ അവരെ ഒരു നേരായ രീതിയിൽ അറിയാനോ പ്രതിനിധീകരിക്കാനോ കഴിയില്ല.

**സ്പിവാകും ഫെമിനിസവും**

ഔദ്യോഗിക ഇന്ത്യൻചരിത്രത്തിൽനിന്ന് മാഞ്ഞും മായ്ച്ചുംപോയ കീഴാളസ്ത്രീകളുടെ അനുഭവങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് സബാൾട്ടേൺ സ്റ്റഡീസ് ചരിത്രകാരന്മാരുടെ ചരിത്രഗവേഷണം സ്പിവാക് കൂടുതൽ വിപുലീകരിച്ചു. 'എ ലിറ്ററി റെപ്രസന്റേഷൻ ഓഫ് ദി സബാൾട്ടേൺ' (1988) എന്ന കൃതിയിൽ, ബംഗാളിഭാഷയിലെ എഴുത്തുകാരി മഹാശ്വേതാദേവി എഴുതിയ 'സ്തനദായിനി എന്ന കഥയിലെ സ്ത്രീകഥാപാത്രമായ യശോദയിലൂടെ കീഴാളസ്ത്രീകളുടെ ചരിത്രത്തെ ശക്തമായി ആവിഷ്കരിക്കുന്നുവെന്ന് സ്പിവാക് വാദിക്കുന്നു. ചരിത്രം എന്നു വിളിക്കുന്നത് സാഹിത്യം എന്നു വിളിക്കപ്പെടുന്നതിനെക്കാൾ യഥാർത്ഥമാണെന്ന് നമുക്ക് എല്ലായ്പോഴും തോന്നും. ആ രണ്ടു വ്യത്യസ്തപദങ്ങളുടെ ഉപയോഗംതന്നെ അത് ഉറപ്പു നൽകുന്നുവെന്ന് സ്തനദായിനിയുടെ പഠനത്തിൽ സ്പിവാക് വ്യക്തമാക്കുന്നു. മഹാശ്വേതാദേവിയുടെ സ്തനദായിനി അപകോളനിവത്കരണത്തിനുശേഷമുള്ള ഇന്ത്യയുടെ അവസ്ഥയെക്കുറിച്ചുള്ള ഒരു അന്യാപദേശമാണ്. നായിക യശോദയെപ്പോലെ, ഇന്ത്യയും ഒരു അമ്മയാണ്. എല്ലാ വിഭാഗം ആളുകളും - യുദ്ധാനന്തരസമ്പന്നർ, പ്രത്യയശാസ്ത്രജ്ഞർ, തദ്ദേശീയ ഉദ്യോഗസ്ഥർ, പ്രവാസികൾ - പുതിയ സംസ്ഥാനം സംരക്ഷിക്കുമെന്നു പ്രതിജ്ഞയെടുക്കുന്ന ആളുകൾ, അവളെ ദുരുപയോഗം ചെയ്യുകയും ചൂഷണം ചെയ്യുകയും ചെയ്യുന്നു. അവളെ നിലനിർത്താൻ ഒന്നും ചെയ്തില്ലെങ്കിൽ, അവൾക്ക് ഒന്നും തിരികെനൽകുന്നില്ലെങ്കിൽ, ശാസ്ത്രീയസഹായം വളരെ വൈകിയാൽ അവൾ കാൻസർ ബാധിച്ചു മരിക്കും. സ്പിവാക്കിനെ സംബന്ധിച്ചിടത്തോളം, യശോദയുടെ ക്രൂരമായ മാതൃസംഘം താഴ്ന്നവർഗ, കീഴാള സ്ത്രീകളെ മോചിപ്പിക്കുന്നതിൽ ഇന്ത്യൻ ദേശീയതയുടെ പരാജയത്തെ ശക്തമായി ഉയർത്തിക്കാട്ടുന്നു. കൂടാതെ, പാശ്ചാത്യ സമൂഹത്തിലും സംസ്കാരത്തിലും പ്രബലമായ, സ്ത്രീകളുടെ പ്രത്യുത്പാദന അധ്വാനം അനിയന്ത്രിതവും വീട്ടുജോലിയും ആണെന്ന അനുമാനത്തെ വെല്ലുവിളിക്കുന്നു.

പാശ്ചാത്യ ഫെമിനിസത്തിനെതിരായ വിമർശനമാണ് സ്പിവാക്ക് ഫെമിനിസ്റ്റ് ചിന്തയ്ക്കു നൽകിയ മറ്റൊരു നിർണായകസംഭാവന. പ്രത്യേകിച്ച് വർഗം, മതം, സംസ്കാരം, ഭാഷ അല്ലെങ്കിൽ ദേശീയത എന്നിങ്ങനെ വ്യത്യാസമില്ലാതെ എല്ലാ സ്ത്രീകൾക്കുംവേണ്ടി സംസാരിക്കുമെന്ന അതിന്റെ സാർവത്രികാവകാശവാദം. 1960 കളുടെ അവസാനത്തിൽ യുഎസ് അക്കാദമിയിൽ കരിയർ ആരംഭിക്കുന്ന ഒരു ഇന്ത്യൻ യുവതി എന്ന നിലയിൽ, 'ആക്സസ് ചെയ്യാവുന്ന സാഹചര്യങ്ങളുടെ ഒരു ശേഖരത്തിൽ ഏറ്റവും മികച്ചത്' ഫെമിനിസംതന്നെ ആയിരുന്നുവെന്ന് സ്പിവാക് വിശ്വസിക്കുന്നു. എന്നിരുന്നാലും, പൊതുവെ പാശ്ചാത്യഫെമിനിസത്തിലേക്കു ചായുന്നുണ്ടെങ്കിലും, പാശ്ചാത്യഫെമിനിസത്തിന്റെയും സാമ്രാജ്യത്വത്തിന്റെയും സങ്കീർണതയിലേക്കു വിരൽചൂണ്ടിക്കൊണ്ട്, 'ഒന്നാംലോക' സ്ത്രീകളും 'മൂന്നാംലോക' സ്ത്രീകളും തമ്മിലുള്ള ആഗോളസാഹോദര്യത്തിന്റെ 'നുണ'യെ സ്പിവാക് ചോദ്യം ചെയ്തു.

സ്പിവാക് അഭിമുഖീകരിക്കുന്ന ഒരു പ്രധാന വെല്ലുവിളി, ഈ പ്രശ്നങ്ങളെക്കുറിച്ച് ഒരു അക്കാദമിക് പശ്ചാത്തലത്തിൽ സംസാരിക്കുന്നത് അവർ വിവരിക്കുന്ന അധികാരമില്ലാത്ത, കീഴാള സമൂഹത്തിന്റെ ജീവിതത്തിലും അനുഭവങ്ങളിലും എന്തെങ്കിലും മാറ്റമുണ്ടാക്കുമോ എന്നതാണ്. ന്യൂയോർക്ക് സിറ്റിയിലെ കൊളംബിയ യൂണിവേഴ്സിറ്റിയിൽ ഒരു ചെയർ വഹിക്കുന്ന, വിദ്യാസമ്പന്നയും മധ്യവർഗപ്രഥസറുമായ അവരുടെ സ്വന്തം സ്ഥാനത്തെ അല്ലെങ്കിൽ പദവിയെ അവർതന്നെ നിരന്തരം വിമർശിക്കുന്നു. യുഎസ് അക്കാദമിയിലെ ഒരു മധ്യവർഗ ഇന്ത്യൻ കുടിയേറ്റ ബുദ്ധിജീവി എന്ന നിലയിൽ സ്പിവാക് തന്റെ സ്ഥാനത്തെക്കുറിച്ച് സംസാരിക്കുന്ന രീതിയാണ് കൂടുതൽ ശ്രദ്ധേയമായത്. സമകാലികസാംസ്കാരികവിമർശകരായ ഐജാസ് അഹമ്മദ്, ആരിഫ് ദിർലിക്, റെയ് ചൗ എന്നിവർ ഊന്നിപ്പറഞ്ഞതുപോലെ, യുഎസ് അക്കാദമിയിലെ പോസ്റ്റ് കൊളോണിയൽ പഠനങ്ങളുടെ ഉയർച്ച, 'മൂന്നാം ലോകത്തിലെ' യുഎസ് വിദേശനയവും സാമ്പത്തികനിക്ഷേപവും ചേർന്നതാണ്. ഈ ബുദ്ധിമുട്ട് നേരിടാൻ, സ്പിവാക് തന്റെ സ്വന്തം വിമർശനാത്മകചിന്തയിൽ ഒരു വക്താവായോ തദ്ദേശീയ വിവരദാതാവായോ പ്രത്യക്ഷപ്പെടാനുള്ള പ്രലോഭനത്തെ എങ്ങനെ പ്രതിരോധിക്കുന്നു എന്ന് സ്ഥിരമായി ഊന്നിപ്പറയുന്നു. ഒന്നാം ലോക അക്കാദമിയിൽ 'മൂന്നാം ലോക'ത്തിനു വേണ്ടി, ജീവിക്കുകയും പ്രവർത്തിക്കുകയും, ന്യൂനപക്ഷവിഭാഗങ്ങൾക്കു വേണ്ടി വാദിക്കുകയും ചെയ്യുന്ന ഒരു പ്രശസ്ത പോസ്റ്റ് കൊളോണിയൽ ബുദ്ധിജീവിയുടെ സ്ഥാനം വൈരുധ്യവും വിരോധാഭാസം നിറഞ്ഞതുമായ ഒന്നാണെന്ന് അവർ സമ്മതിക്കുന്നു. ■

# പാലാ രൂപതയ്ക്ക് പുതുജീവനേകി

# മൂന്നാമത് എപ്പാർക്കിയൽ അസംബ്ലി

പാലാ: സഭയും സമൂഹവും അഭിമുഖീകരിക്കുന്ന വിവിധ വിഷയങ്ങൾ ചർച്ച ചെയ്തും പുതിയ കർമപദ്ധതികൾ പ്രഖ്യാപിച്ചും പാലാ രൂപതയ്ക്കു പുത്തനുണർവേകി മൂന്നാമത് എപ്പാർക്കിയൽ അസംബ്ലി. പാലായുടെ പ്രഥമ ബിഷപ് മാർ സെബാസ്റ്റ്യൻ വയലിൽ തിരുമേനിയുടെ ചരമവാർഷിക ദിനമായ നവംബർ 21 നു രാവിലെ പത്തുമണിക്ക് പാലാ അരുണാപുരം പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ആരംഭിച്ച ത്രിദിന അസംബ്ലി സീറോ മലബാർ സഭ മേജർ ആർച്ചുബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി ഉദ്ഘാടനം ചെയ്തു. പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് അധ്യക്ഷത വഹിച്ചു. സമ്മേളനത്തിൽ ക്നാനായ യാക്കോബായ സഭ വലിയ മെത്രാപ്പോലീത്താ കുര്യാക്കോസ് മാർ സേവേറിയോസ് ആശംസകൾ നേർന്നു സംസാരിച്ചു.



*പാലാ രൂപത മൂന്നാമത് എപ്പാർക്കിയൽ അസംബ്ലി പാലാ അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ സീറോ മലബാർ സഭ മേജർ ആർച്ചുബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി ഉദ്ഘാടനം ചെയ്യുന്നു.*

ചടങ്ങിൽ, ഗ്രേറ്റ് ബ്രിട്ടൻ രൂപതാധ്യക്ഷൻ മാർ ജോസഫ് സ്രാമ്പിക്കൽ, ഷംഷാബാദ് രൂപത സഹായമെത്രാൻ മാർ ജോസഫ് കൊല്ലംപറമ്പിൽ, പാലാ രൂപത മുൻ അധ്യക്ഷൻ മാർ ജോസഫ് പള്ളിക്കാപറമ്പിൽ, ജോസ് കെ. മാണി എം.പി., എം.എൽ.എ. മാരായ മാണി സി. കാപ്പൻ, മോൻസ് ജോസഫ്, രൂപത പ്രോട്ടോ സിഞ്ചെല്ലൂസ് മോൺ. ജോസഫ് തടത്തിൽ, സിഞ്ചെല്ലൂസുമാരായ മോൺ. ജോസഫ് മലേപ്പറമ്പിൽ, മോൺ. സെബാസ്റ്റ്യൻ വേത്താനത്ത്, മോൺ. ജോസഫ് കണിയോടിക്കൽ തുടങ്ങിയവർ സംബന്ധിച്ചു.

'ക്രിസ്തീയ ദൗത്യവും ജീവിതവും പ്രാദേശികസഭയിലും സമൂഹത്തിലും' എന്നതാണ് മൂന്നാമത് അസംബ്ലിയുടെ വിഷയം. വിവിധ തലങ്ങളിലെ പഠനത്തിന്റെയും ചർച്ചയുടെയും ഫലമായി ഉരുത്തിരിഞ്ഞ വിലയിരുത്തലുകളും പ്രായോഗികനിർദേശങ്ങളുമടങ്ങിയ റിപ്പോർട്ട് രൂപതാകേന്ദ്രത്തിൽ നിയോഗിക്കപ്പെട്ട കമ്മിറ്റി നിരവധി തവണ ചർച്ചയ്ക്കു വിധേയമാക്കിയാണു വിഷയാവതരണരേഖയ്ക്കു പൂർണരൂപം നൽകിയത്.

മൂന്നു ദിവസങ്ങളിലായി നടന്ന അസംബ്ലിയിൽ വിശ്വാസവും ദൈവാരാധനയും, നവമാധ്യമങ്ങളും വിശ്വാസക്കൈമാറ്റവും, ദളിത് ക്രൈസ്തവ ശക്തീകരണം, കുടുംബവും സ്ത്രീശക്തീകരണവും, ആനുകാലികവിശ്വാസപരിശീലനം, സാമൂഹികസാമ്പത്തികപ്രതിസന്ധികൾ, കാർഷികമേഖലയുടെ കുതിപ്പും കിതപ്പും, യുവജനശക്തീകരണം, സമർപ്പിതജീവിതത്തിന്റെ ദൗത്യവും വെല്ലുവിളികളും, കേരളക്രൈസ്തവരുടെ സാമ്പത്തികപിന്നാക്കാവസ്ഥ തുടങ്ങിയ വിഷയങ്ങളിൽ തലശേരി ആർച്ചുബിഷപ് മാർ ജോസഫ് പാംപ്ലാനി, ഗ്രേറ്റ് ബ്രിട്ടൻ ബിഷപ് മാർ ജോസഫ് സ്രാമ്പിക്കൽ, ഷംഷാബാദ് സഹായമെത്രാൻ മാർ ജോസഫ് കൊല്ലംപറമ്പിൽ, റവ. ഡോ. ആൻഡ്രൂസ് മേക്കാട്ടുകുന്നേൽ, റവ. ഡോ. പോളി മണിയാട്ട്, സിസ്റ്റർ മേരി ആൻ സി.എം.സി., ഡോ. വി.പി. ദേവസ്യാ, അഡ്വ. വി.സി. സെബാസ്റ്റ്യൻ, ബിനോയി ജോൺ അമ്പലംകട്ടയിൽ, ഡോ. അലക്സ് കാവുകാട്ട്, ഷേർളി ചെറിയാൻ മഠത്തിപ്പറമ്പിൽ, അഡ്വ. സാം സണ്ണി, സിജു കൈമാനാൽ എന്നിവർ ക്ലാസുകൾ നയിച്ചു.

പൗരസ്ത്യകാനോൻനിയമപ്രകാരം, രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ടിനൊപ്പം പ്രോട്ടോസിഞ്ചെല്ലൂസ്, സിഞ്ചെല്ലൂസുമാർ, രൂപത ഫിനാൻസ് ഓഫീസർ, ആലോചനാസമിതിയംഗങ്ങൾ, ഫൊറോനാവികാരിമാർ, ഓരോ ഫൊറോനയിൽനിന്നും തിരഞ്ഞെടുക്കപ്പെട്ട വൈദികർ, സന്ന്യാസഭവനങ്ങളിൽ നിന്നുള്ളവർ, രൂപത പാസ്റ്ററൽ കൗൺസിലിൽ നിന്നും കൗൺസിലിന്റെ പുറത്തുനിന്നും തിരഞ്ഞെടുക്കപ്പെട്ടവർ, രൂപതാധ്യക്ഷൻ നാമനിർദ്ദേശം ചെയ്യപ്പെട്ട വൈദികർ, സന്ന്യസ്തർ, അല്മായർ, അസംബ്ലിയുടെ നിരീക്ഷകരായി ക്ഷണിക്കപ്പെട്ടിട്ടുള്ള മലങ്കര കത്തോലിക്കാ സഭ, അസീറിയൻ ചർച്ച് ഓഫ് ദി ഈസ്റ്റ്, യാക്കോബായ-ഓർത്തഡോക്സ് സഭകളുടെ പ്രതിനിധികൾ ഉൾപ്പെടെ 237പേരാണ് അസംബ്ലിയിൽ പങ്കെടുക്കുന്നത്.

# അമല ഷിന്റോ ലോഗോസ് പ്രതിഭ

കൊച്ചി: ലോകത്തിലെ ഏറ്റവും വലിയ ക്വിസ് പ്രോഗ്രാമായ 23-ാമത് അഖിലേന്ത്യാ ലോഗോസ് ക്വിസ് ഗ്രാൻഡ് ഫിനാലെയിൽ ഇരിഞ്ഞാലക്കുട രൂപതയിൽനിന്നുള്ള ശ്രീമതി അമല ഷിന്റോ ലോഗോസ് പ്രതിഭയായി, സ്വർണമെഡലും 65000 രൂപയുടെ ക്യാഷ് അവാർഡും ട്രോഫിയും കരസ്ഥമാക്കി. സ്കൂൾ അധ്യാപികയാണ് അമല. നാലു ലക്ഷത്തിഎഴുപത്തയ്യായിരം പേർ പങ്കെടുത്ത പരീക്ഷയിൽ 600 പേർ രണ്ടാം റൗണ്ടിലേക്കു തിരഞ്ഞെടുക്കപ്പെട്ടു. ഫൈനൽ റൗണ്ടിലേക്ക് ആറുപേർ യോഗ്യത നേടി. ബധിര ഭിന്നശേഷിക്കാർക്കായുള്ള സംസ്ഥാനതല മെഗാഫൈനലിൽ ഒന്നാം സ്ഥാനത്തിന് തലശ്ശേരി അതിരൂപതയിൽനിന്നുള്ള നിമ്മി ഏലിയാസ് അർഹയായി. കുടുംബങ്ങൾക്കായുള്ള ലോഗോസ് ഫമിലീയ ക്വിസിൽ തൃശൂർ അതിരൂപതയിലെ ആനി ദേവസി, ബെൻസി ദേവസി, ഡിറ്റി ദേവസി എന്നിവർ ഒന്നാം സ്ഥാനത്തെത്തി. കെ.സി.ബി.സി. ബൈബിൾ സൊസൈറ്റിയാണ് ലോഗോസ് ക്വിസിന് നേതൃത്വം കൊടുക്കുന്നത്. കേരളത്തിനകത്തുനിന്നും പുറത്തുനിന്നും മലയാളം, ഇംഗ്ലീഷ്, തമിഴ്, കന്നഡ എന്നീ ഭാഷകളിൽ മത്സരങ്ങൾ സംഘടിപ്പിക്കപ്പെടുന്നു.

ലോഗോസ് ബൈബിൾ ക്വിസിൽ ആറു പ്രായവിഭാഗങ്ങളിലെ ചാമ്പ്യന്മാരെ പങ്കെടുപ്പിച്ച് പാലാരിവട്ടം പി.ഒ.സി.യിൽ നവംബർ 19 നാണ് ഗ്രാൻഡ് ഫിനാലെ നടന്നത്. C-വിഭാഗത്തിലെ ഒന്നാം സ്ഥാനക്കാരിയാണ് അമല ഷിന്റോ. മറ്റു പ്രായവിഭാഗങ്ങളിലെ സംസ്ഥാനതല വിജയികളും രൂപതയും: A-ജിസ്മോൻ സണ്ണി (കോതമംഗലം രൂപത), B-ലിയ ട്രീസാ സുനിൽ (താമരശേരി രൂപത), D-ഷിബു തോമസ് (മൂവാറ്റുപുഴ രൂപത), E-ആനി ജോർജ് (തൃശൂർ അതിരൂപത), F-മേരി തോമസ് (ഇരിഞ്ഞാലക്കുട രൂപത).



എറണാകുളം - അങ്കമാലി, തൃശൂർ, പാലാ എന്നീ രൂപതകളാണ് ഏറ്റവും കൂടുതൽ അംഗങ്ങളെ പങ്കെടുപ്പിച്ച് അവാർഡുകൾ കരസ്ഥമാക്കിയത്. കുറവിലങ്ങാട്, ഓച്ചൻതുരുത്ത്, അങ്കമാലി എന്നിവ ഏറ്റവും നല്ല ഇടവകയ്ക്കുള്ള അവാർഡ് സ്വന്തമാക്കി.

സമാപനസമ്മേളനത്തിൽ കേരള കാത്തലിക് ബൈബിൾ സൊസൈറ്റി ചെയർമാൻ ബിഷപ് ഡോ. ജെയിംസ് ആനാപറമ്പിൽ ഉദ്ഘാടനം നിർവഹിക്കുകയും വിജയികൾക്ക് അവാർഡ് സമ്മാനിക്കുകയും ചെയ്തു. സമാപനസമ്മേളനത്തിൽ കെ.സി.ബി.സി. ഡെപ്യൂട്ടി സെക്രട്ടറി റവ. ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി അധ്യക്ഷത വഹിച്ചു. കേരള കാത്തലിക് ബൈബിൾ സൊസൈറ്റി സെക്രട്ടറി റവ. ഡോ. ജോജു കോക്കാട്ട്, ജോയ് പാലയ്ക്കൽ, ആന്റണി പാലിമറ്റം, ജോസഫ് പന്തപ്ലാക്കൽ എന്നിവർ പ്രസംഗിച്ചു. വിവിധ പ്രായവിഭാഗങ്ങളിലെ വിജയികൾക്ക് സ്വർണമെഡലും ക്യാഷ് അവാർഡുകളും സർട്ടിഫിക്കറ്റുകളും സമ്മാനിച്ചു.

Deepanalam Weekly
RNI No : 16998/68
Vol. 56 No. 38 Date of Publication 23 Nov 2023
Annual Subscription Rate ₹ 400 (For Abroad ₹4500)
Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment




Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • 7306874714 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.org